# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.20 | No.5 | കാർത്തികപ്പള്ളി | R.No. 7361/02 | 2020 MAY

RNI Reg. No.KERMAL/2002/7361 Postal Reg. No. KL/MVK/184/2018-20 Licence No. KL/CR/MVK/WPP-03/2018-20. Licensed to Post Without Prepayment.


വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: **vedabhimani.com**

## ഭാഷയ്ക്കായുള്ള പോരാട്ടം



ദഹാൻദഹാൻ ടർറാർ...ഡാങ്ടി ഇനാറ്റാങ് ടർറാർ... ഇത് അസുറി ഭാഷയിലുള്ള റേഡിയോ പ്രക്ഷേപണമാണ്. ആ ഭാഷ ഉച്ചഭാഷണിയിലൂടെ തെരുവോരങ്ങളിൽ മുഴങ്ങുമ്പോൾ ഒരു ഗോത്ര സംസ്ക്കാരത്തിന്റെ സ്വന്തം ഭാഷ ഇതൾ വിരിയുകയാണ്. ഇരുമ്പ് അയിര് വേർതിരിച്ചെടുക്കാനും അതുവഴി പണിആയുധങ്ങൾ ഉൾപ്പെടെ നിർമ്മിക്കാനും കഴിയുന്ന ഒരു സമൂഹം. കാലം പലപ്പോഴും ചവറ്റുകൊട്ടയിൽ തള്ളിയ സമൂഹം. അവരുടെ സ്വന്തം ഭാഷ, അസൂർ ഭാഷ അതിനായി പോരാടുന്ന സമൂഹം ഇതാ ഡിജിറ്റൽ ഇന്ത്യയ്ക്ക് പുത്തൻ സന്ദേശം നൽകുകയാണ്. ഒരിക്കലും വിസ്മൃതിയിൽ പോകാതെ എന്നും കരുതലോടെ കാത്തുസൂക്ഷിക്കുന്ന ഭാഷയുടെ സന്ദേശവാഹകരാകുകയാണ് അസൂറികൾ.

## ടൈപ്പ് റൈറ്റർ ഓർക്കസ്ട്ര



നൂറുകണക്കിന് സംഗീതജ്ഞർ നിരന്നിരിക്കുന്ന ഓർക്കസ്ട്ര. അതിനിടയിലേക്ക് ഒരാൾ ധൃതിയിൽ ഓടിവരുന്നു. എന്നിട്ട് ചെറിയൊരു ഉപകരണത്തിനു മുന്നിൽ ഇരിപ്പുറപ്പിക്കുന്നു. മ്യൂസിക് തുടങ്ങിയപ്പോൾ അയാളും താളത്തിൽ ഒപ്പം വായിച്ചു തുടങ്ങി. കണ്ടവരുടെയെല്ലാം ചുണ്ടിൽ പുഞ്ചിരി വിടർന്നു. കാരണമെന്തെന്നോ? അയാൾ വായിച്ച സംഗീതോപകരണം ഒരു ടൈപ്പ് റൈറ്ററായിരുന്നു!

ലെറോയ് ആഡേഴ്സൺ എന്ന അമേരിക്കൻ സംഗീതജ്ഞനാണ് 'ദ് ടൈപ് റൈറ്റർ' എന്ന സംഗീതശില്പം തയ്യാറാക്കിയത്.




## പറക്കും മനുഷ്യൻ

സ്വയം പറക്കാനുള്ള മനുഷ്യന്റെ ശ്രമങ്ങൾ തുടരുകയാണ്. ഹ്യൂമൻ ഫ്ളൈറ്റ് മിഷൻ എന്ന പേരിൽ ദുബായിൽ തുടരുന്ന പരീക്ഷണം കഴിഞ്ഞ ദിവസം വിജയകരമായ ഒരു ഘട്ടം പിന്നിട്ടു. നിലത്ത് നിന്ന് സ്വയം പറന്ന് പൊങ്ങിയ ജെറ്റ്മാൻ 1800 മീറ്റർ ഉയരത്തിൽ സഞ്ചരിച്ച് തിരിച്ചിറങ്ങി. ദുബായിലെ സ്കൈ ഡൈവ് റൺവേയിൽ നിന്നായിരുന്നു ഈ പരീക്ഷണപറക്കൽ.

മുമ്പ് ഉയരങ്ങളിൽ നിന്ന് ചാടിയാണ് ഇത്തരം പറക്കൽ സാധ്യമാക്കിയിരുന്നത്. ഈ ഉദ്യമത്തിൽ മനുഷ്യൻ നിന്നനിൽപിൽ തന്നെ പറന്നുപൊങ്ങി. 30 സെക്കൻഡ് കൊണ്ട് മണിക്കൂറിൽ ശരാശരി 244 കിലോമീറ്റർ വേഗത്തിൽ 1800 മീറ്റർ ഉയരത്തിൽ ജുമൈറ ബീച്ച് റെസിഡൻസ് ഭാഗത്തേക്ക് പറന്നു നീങ്ങി കറങ്ങിയ ശേഷം പാരച്യൂട്ട് വിടർത്തി സുരക്ഷിതമായി നിലത്ത് തിരിച്ചിറങ്ങി. ശരീരത്തിൽ ഘടിപ്പിച്ച ജെറ്റ് വളയ്ക്കാനും തിരിക്കാനും കഴിയുമെന്നത് തെളിയിച്ചാണ് വിൻസ് റെഫറ്റ് പറന്നുയർന്നത്. പറക്കാനുള്ള പരീക്ഷണങ്ങളിൽ വലിയൊരു നേട്ടമാണിതെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. ദുബായ് എക്സ്പോ 2020 യുടെ ഭാഗമായാണ് ഹ്യൂമൻ ഫ്ളൈറ്റ് മിഷൻ നടപ്പാക്കുന്നത്. ഇന്ത്യക്കാരനായ മുഹമ്മദ് റാഷിദ്, ചെമ്പൻ കണ്ടി ഉൾപ്പെടെയുള്ള എഞ്ചിനിയർമാർ ഇതിന് പിന്നിലുണ്ട്.

## ദർശനാത്ഭുതം




മറ്റൊരു മഹാത്ഭുതം. ദൂരദർശിനികളുടെ ലോകത്തെ 'അതിശയൻ.' അതെ, ലോകത്ത് ഇന്നേവരെ നിർമ്മിച്ചതും ഇപ്പോൾ നിർമാണത്തിലിരിക്കുന്നതുമായ എല്ലാ ദൂരദർശിനികളെയും വെല്ലുന്ന മഹാഭീമൻ. എക്സ്ട്രീമിലി ലാർജ് ടെലിസ്കോപ്പ് (E.L.T).

മനുഷ്യന് കാണാൻ കഴിയുന്നതിന്റെ 10 കോടി മടങ്ങ് വ്യക്തതയോടെ കാണാൻ E.L.T ക്ക് കഴിയുമത്രെ. എണ്ണൂറോളം കണ്ണാടികൾ ചേർത്തുള്ള ഒരു സംയുക്ത ദർപ്പണമാണ് ഇതിൽ ഉപയോഗിക്കുന്നത്. അവയെല്ലാം കംപ്യൂട്ടറുകൾ ഉപയോഗിച്ച് കൃത്യതയോടെ യോജിപ്പിക്കുന്നു. സൗരയൂഥേതര ഗ്രഹങ്ങളും ഗാലക്സികളും പുതിയ താരാപഥങ്ങളും ഒക്കെത്തന്നെ ഈ ഭീമന്റെ കൺവെട്ടത്തുവരും.

ഏതായാലും ഈ ദശകത്തിൽത്തന്നെ നിർമാണം പൂർത്തിയാകുമ്പോൾ അടുത്ത അരനൂറ്റാണ്ട് കാലത്തേക്കെങ്കിലും പഠന ഗവേഷണത്തിനായി മാനത്തേക്ക് നോക്കി നിൽക്കുന്ന ഒരു മഹാത്ഭുതമായി മാറും ഈ ദൂരദർശനിഭീമൻ.

## 80 രൂപയ്ക്ക് ഒരു വീട്



ഇറ്റലിയിൽ വീട് സ്വന്തമാക്കാൻ ആഗ്രഹിക്കുന്നവരുടെ 'ടൈം' എന്നല്ലാതെ എന്തു പറയാൻ. വെറും 80 രൂപയ്ക്ക് വീട് വിൽക്കാൻ തയ്യാറായിരിക്കുകയാണ് ഇറ്റലിയിലെ ഒരു കൊച്ചു പട്ടണം. ഇറ്റലിയിലെ പ്രശസ്തമായ നേപ്പിൾസിൽ നിന്നും വെറും രണ്ടു കിലോമീറ്റർ മാത്രം അകലെയുള്ള ബിസാക്കിയ ശരിക്കും ഒരു ഗ്രാമമാണ്.

ഇവിടേക്കാണ് വെറും ഒരു യൂറോയ്ക്ക് വീട് വിൽക്കാൻ തയ്യാറായി വിനോദസഞ്ചാരികളേയും വിൽപ്പനക്കാരെയും ക്ഷണിക്കുന്നത്. ഇറ്റലിയിലെ കംബാനിയ മേഖലയിലാണ് ബിസാക്കിയ എന്ന ചെറിയ നഗരം.

എന്താണ് ഈ വിലക്കുറവിന്റെ കാരണമെന്നറിഞ്ഞാൽ ചെറുതായൊന്നു ഞെട്ടും. അവിടെ താമസിക്കാൻ ആളില്ല എന്നതുതന്നെ കാരണം. ഗ്രാമത്തിലുണ്ടായിരുന്നവരെല്ലാം മറ്റിടങ്ങളിലേക്ക് കുടിയേറിയപ്പോൾ ജനങ്ങളില്ലാത്ത, ആൾപ്പാർപ്പില്ലാത്ത വീടുകൾ മാത്രമുള്ള ഗ്രാമമായി ബിസാക്കിയ മാറുകയായിരുന്നു. 1980കൾ മുതൽ ഇടയ്ക്കിടെ ഉണ്ടാകുന്ന ഭൂകമ്പങ്ങൾ കാരണമാണ് ഇവിടെ താമസിച്ചിരുന്നവരിൽ മിക്കവരും പ്രദേശത്ത് നിന്ന് താമസം മാറിയത്. ഇതോടെ നഗരത്തിലെ ജനസംഖ്യ കുത്തനെ കുറഞ്ഞു. 80 രൂപയ്ക്ക് ഇറ്റലിയിൽ വീട് എന്നു കേട്ട് ആഡംബര സൗധം സ്വപ്നം കണ്ട് ആരും ഇങ്ങോട്ടേക്ക് വണ്ടി കയറേണ്ട. തുടർച്ചയായ ഭൂകമ്പങ്ങൾ മിക്ക കെട്ടിടങ്ങൾക്കും കേടുപാടുകൾ വരുത്തിയിട്ടുണ്ട്.

മാത്രമല്ല, കെട്ടിടങ്ങളെല്ലാം അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ ജീർണാവസ്ഥയിലുമാണ്. വീടുകൾ വാങ്ങുന്നവർ അത് സ്വന്തം ചെലവിൽ നവീകരിക്കണമെന്ന് വിൽപ്പനയ്ക്ക് മുമ്പ് പ്രത്യേകം പറയുന്നുമുണ്ട്. കേവലം ഒന്നരലക്ഷത്തോളം രൂപയുടെ ബോണ്ട് സമർപ്പിച്ച് 80 രൂപയ്ക്ക് പക്ഷെ വീട് സ്വന്തമാക്കാം എന്നുള്ളതാണ് ആകർഷണീയം.

## എത്തിനോക്കും കണ്ണട!



നാം ആൾക്കൂട്ടത്തിനിടയിൽ നിൽക്കുകയാണെന്നു കരുതുക. കൂടുതൽ ഉയരമുള്ളവരുടെ പിന്നിൽ നിൽക്കുന്നതു കൊണ്ട് മുന്നിലെ കാഴ്ചകളൊന്നും കാണാൻ പറ്റുന്നില്ല. എന്തു ചെയ്യും? ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ ഇതാ, ഒരു സ്പെഷൽ കണ്ണട! 'പെരിസ്കോപ്പ് ഗ്ലാസസ്' എന്ന ഈ കണ്ണടയിൽ ഒരടി നീളത്തിൽ സെൽഫി സ്റ്റിക് പോലെ ഒരു ഭാഗമുണ്ട്. അതായത്, ഇതു ധരിച്ചാൽ ഒരടികൂടി പൊക്കത്തിൽ നിന്നുള്ള കാഴ്ചകൾ കാണാം!

ഡൊമിനിക് വിൽകോക്സ് എന്ന ഇംഗ്ലീഷുകാരനാണ് ഈ രസികൻ കണ്ണട കണ്ടുപിടിച്ചത്. സൂപ്പർ ഐഡിയകൾ നിറഞ്ഞ ഇത്തരം കുറേ കണ്ടുപിടിത്തങ്ങൾ വിൽകോക്സിന്റെ പേരിലുണ്ട്.

## പക്ഷിഭാഷ



അകലെ മലമടക്കുകളിൽ നിന്ന് ഒരു ചൂളംവിളി ഉയർന്നു. അതുകേട്ടപ്പോൾ ആ അമ്മൂമ്മ കൊച്ചുമകനോടു പറഞ്ഞു: "അതാ, നിന്റെ അച്ഛൻ വിളിക്കുന്നു. ആടുകളെ കൊണ്ടുവരാറായെന്ന്..." അതുകേട്ട കൊച്ചുമകനും ചൂളം വിളിച്ചു. 'അച്ഛാ, ഇതാ ഞാൻ വരുന്നു' എന്നായിരുന്നു അതിന്റെ അർഥം.

ടർക്കിയിലെ കുസ്കോയ് എന്ന ഗ്രാമത്തിലേതാണ് ഈ പക്ഷിഭാഷ. 'കുസ്കോയ്' എന്ന പേരിന്റെ അർഥം തന്നെ അതാണ്–'പക്ഷി ഗ്രാമം.' പക്ഷികളെപ്പോലെ ശബ്ദമുണ്ടാക്കി ഏതു സന്ദേശവും വളരെ ദൂരേക്കു കൈമാറാൻ ഈ ഗ്രാമീണർക്കറിയാം.


## അറിയാനും പറയാനും

ദൈവം സത്യമോ, മിഥ്യയോ? പ്രപഞ്ചം ദൈവം സൃഷ്ടിച്ചു എന്നതിന് എന്താണ് തെളിവ്? ഏകനായ ദൈവം എങ്ങനെയാണ് മൂന്നു ദൈവമാകുന്നത്? ആദാമിന്റെ പാപം മനുഷ്യവർഗ്ഗത്തെ ബാധിക്കുന്നതെങ്ങനെ? മരണാനന്തര ജീവിതത്തിന് എന്ത് സാധ്യത? എന്തു യുക്തി? ആധുനീകയുഗത്തിൽ ബൈബിളിന് എന്ത് ആധികാരികതയും പ്രസക്തിയുമാണുള്ളത്? യേശു ദൈവമാകുന്നതെങ്ങനെ? ഇങ്ങനെയുള്ള ബൈബിൾ വിമർശകരുടെ ചോദ്യങ്ങൾക്കുള്ള മറുപടി എന്തെന്ന് അറിയാനും പറയാനും സഹായിക്കുന്ന പ്രസിദ്ധീകരണങ്ങൾക്ക് ബന്ധപ്പെടുക.

ടൈറ്റസ് കാർത്തികപ്പള്ളി
കേരള - 690516

9847232598
vedabhimani@gmail.com



| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വേദാഭിമാനി | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർഗ്ഗീസ് ആഞ്ഞിലിത്താനം | ടൈറ്റസ് കാർത്തികപ്പള്ളി | കളർ I ഡിജിറ്റൽ I ഇ–പേപ്പർ ലഭ്യമാണ് | ഇന്ത്യ–Rs. 250 മറ്റ് രാജ്യങ്ങൾ–Rs. 2000 | വേദാഭിമാനി, കേരള 690516 |



# വിശ്വാസാനുസരണം



അനുസരണത്തിന് പകരം വയ്ക്കാൻ ഒന്നേയുള്ളൂ–അനുസരണം മാത്രം. പക്ഷേ ഇന്നു ക്രിസ്തീയ ഗോളത്തിൽ പലരും കരുതുന്നത് വിശ്വാസത്തെ, അനുസരണത്തിനു പകരം വയ്ക്കാമെന്നാണ്.

ദൈവവചനത്തിൽ നാം വിശ്വസിക്കേണ്ട സത്യങ്ങളുണ്ട്, അനുസരിക്കേണ്ട കല്പനകളുണ്ട്. വിശ്വസിക്കുന്നതു താരതമ്യേന എളുപ്പമാണ്. എന്നാൽ അനുസരിക്കുന്നത് അല്പം ബുദ്ധിമുട്ടാണ്. കാരണം, അതിനൊരു വില കൊടുക്കേണ്ടതുണ്ട്. ഉദാഹരണത്തിന് 'യേശു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു' എന്ന സത്യം വിശ്വസിക്കുന്നതിനു പലർക്കും പ്രയാസമില്ല. എന്നാൽ 'ജീവിക്കുന്നവർ ഇനി തങ്ങൾക്കായിട്ടല്ല തങ്ങൾക്കുവേണ്ടി മരിച്ചുയർത്തുവാനായിട്ടു ജീവിക്കണം' എന്ന കല്പനയുടെ കാര്യം വരുമ്പോഴോ? അത് അനുസരിക്കുന്നത് എളുപ്പമല്ല. അതുകൊണ്ടു പലരും അനുസരണത്തെ അവഗണിക്കുന്നു. വിശ്വാസം മതി എന്നു വയ്ക്കുന്നു.

'വിശ്വാസത്തിന് അനുസരണം വരുത്തുക' എന്നൊരു പ്രയോഗം റോമാ ലേഖനത്തിൽ നാം കാണുന്നു (റോമർ 1:6, 16:24). അതായതു വിശ്വാസത്തെ അനുസരണത്തിലേക്കു നയിക്കുക. പൗലോസ് പറയുന്നത് വിശ്വാസത്തിന് അനുസരണം വരുത്തേണ്ടതിനാണു താൻ കൃപയും അപ്പോസ്തലത്വവും പ്രാപിച്ചതെന്നാണ്. വിശ്വാസത്തിന് അനുസരണം വരുത്തുവാനും ശിഷ്യരെ ഉണ്ടാക്കുവാനുമുള്ള ഒരു നിയോഗം. സത്യത്തിൽ ഈ ശുശ്രൂഷയല്ലേ ഇന്നത്തെ ആവശ്യകത?



അനുസരണത്തെ ഒഴിവാക്കുവാൻ വിശ്വാസി എന്തും ചെയ്യും എന്നതാണ് ഇന്നത്തെ അവസ്ഥ. ഉദാഹരണത്തിന് ഇന്നത്തെ പ്രാർത്ഥനകളും ഉപവാസങ്ങളും ശ്രദ്ധിക്കുക. പ്രാർത്ഥന ദൈവം കേൾക്കാൻ ഒന്നാമതു വേണ്ടതു ശുദ്ധമായ ഒരു മനഃസാക്ഷിയും നിർമലമായ ഒരു ഹൃദയവുമാണ്. പക്ഷേ അതു നേടുന്നതിനു ദൈവവചനപ്രകാരം തെറ്റുകൾ തിരുത്തുകയും ജീവിതത്തെ ക്രമപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. എന്നാൽ അനുസരണത്തിന്റെ ആ പ്രവൃത്തി ചെയ്യുവാൻ മാത്രം മനസ്സില്ല. പകരം പ്രാർത്ഥനയെ മുഴുരാത്രി പ്രാർത്ഥനയോ, ദിവസങ്ങൾ നീണ്ടുനിൽക്കുന്ന അനേകർ പങ്കെടുക്കുന്ന ഉപവാസ പ്രാർത്ഥനായജ്ഞമോ ആക്കിമാറ്റാൻ തയ്യാർ. യാഥാർത്ഥ്യത്തെ അഭിമുഖീകരിക്കാതിരിക്കാൻ വിശ്വാസിയുടെ നുറുങ്ങപ്പെടാത്ത സ്വയം പയറ്റുന്ന തന്ത്രങ്ങൾ എത്ര! എന്നാൽ ദൈവത്തെ നമുക്കു കബളിപ്പിക്കാനാവില്ല (ഗലാ.6:7). അവിടുന്നു നമ്മുടെ ഏതു വഴിപാടും–അതു പ്രാർത്ഥനയോ, സ്തുതിയോ, ആരാധനയോ, സ്തോത്രകാഴ്ചയോ എന്തായാലും–സ്വീകരിക്കുന്നതിനു മുൻപ് നമ്മുടെ ഹൃദയനിലയെയാണു കണക്കിലെടുക്കുന്നത്.

ദൈവത്തിന് ആദ്യമായി വഴിപാട് അർപ്പിച്ചതു കയീനും ഹാബേലും ആയിരുന്നു. അന്നു മുതൽ ഇന്നുവരെ ദൈവം വഴിപാടിൽ പ്രസാദിക്കുന്നതിനു മുൻപ് അത് അർപ്പിക്കുന്നവന്റെ മനോഭാവത്തെയും ഹൃദയനിലയെയും ശ്രദ്ധിക്കുന്നു. ഇക്കാര്യത്തിൽ അവിടുത്തേക്കു മുഖപക്ഷമില്ല. അവിടുത്തെ നിയമങ്ങൾക്കു മാറ്റവുമില്ല.

കയീനും ഹാബേലും–ആദിമ മാതാപിതാക്കൾക്കു ജനിച്ച സന്താനങ്ങൾ. ഇരുവർക്കും ദൈവത്തെ പ്രസാദിപ്പിക്കുന്നതിനു തുല്യ അവസരം ഉണ്ടായിരുന്നു. എന്നാൽ ദൈവം ഹാബേലിലും അവന്റെ വഴിപാടിലും പ്രസാദിച്ചു. കയീനിലും അവന്റെ വഴിപാടിലും പ്രസാദിച്ചില്ല.

എന്തുകൊണ്ട്? രക്തച്ചൊരിച്ചിലുള്ള യാഗം കഴിച്ചതുകൊണ്ടാണ് ഹാബേലിന്റെ വഴിപാടിൽ ദൈവം പ്രസാദിച്ചത്. കയീൻ രക്തച്ചൊരിച്ചിലുള്ള യാഗം കഴിച്ചില്ല അതുകൊണ്ട് അവന്റെ വഴിപാടു ദൈവത്തിന് പ്രസാദകരമാകാതെ പോയി. ഇതാണ് സുവിശേഷ വിഹിത സഭകളിൽ നാം സാധാരണ കേൾക്കാറുള്ള വിശദീകരണം. പക്ഷേ ഈ വാദഗതിയിൽ ഒരു വഞ്ചനയില്ലേ? ഇതു ശരിയാണെങ്കിൽ വ്യക്തിയേക്കാൾ പ്രധാനം വഴിപാടാണെന്നു വരും. ആരാധകന്റെ മനോഭാവവും ഹൃദയനിലയും എങ്ങനെയായിരുന്നാലും പ്രശ്നമില്ല, അവന്റെ ആരാധനയിലാണു ദൈവം പ്രസാദിക്കുന്നതെന്നു ചിന്തിക്കേണ്ടിവരും (യഥാർത്ഥത്തിൽ ഇന്നു പലരും അങ്ങനെതന്നെയാണ് ചിന്തിക്കുന്നത്!).

വാസ്തവത്തിൽ ഹാബേലിന്റെയും കയീന്റെയും കാര്യത്തിൽ രക്തച്ചൊരിച്ചിലായിരുന്നോ പ്രശ്നം? ദൈവവചനം ശ്രദ്ധയോടെ വായിച്ചാൽ അല്ല എന്നു വ്യക്തമാകും. കാരണം,അവർ അവരുടെ പാപങ്ങൾക്കുവേണ്ടി യാഗം (Sacrifice) കഴിക്കുകയായിരുന്നില്ല. അവർ ദൈവത്തിന് വഴിപാട് (Offering) അർപ്പിക്കയായിരുന്നു (ഉല്പത്തി 4:3,4).വഴിപാടിനു രക്തച്ചൊരിച്ചിൽ വേണമെന്നു നിർബന്ധമില്ല. മോശയുടെ കർക്കശമായ നിയമങ്ങളിൽ പോലും കൃഷിഫലങ്ങൾ വഴിപാടായി അർപ്പിക്കാമെന്നു പറഞ്ഞിട്ടുണ്ട് (ആവർത്തനം 26:1–11). അപ്പോൾ കയീന് ദൈവപ്രസാദം ലഭിക്കാതെ പോയതിനു കാരണം കൃഷിഫലം അർപ്പിച്ചതല്ലെന്നു വ്യക്തം. അങ്ങനെയെങ്കിൽ മറ്റെന്താണു കാരണം? വഴിപാടിനെക്കാൾ അത് അർപ്പിച്ച വ്യക്തിയെയാണു ദൈവം നോക്കിയതെന്നതിന് ആ ഭാഗത്തുതന്നെ സൂചനയുണ്ട് (ഉല്പ.4:6,7) 'ഹാബേലിലും അവന്റെ വഴിപാടിലും' 'കയീനിലും അവന്റെ വഴിപാടിലും' എന്നുള്ള പദപ്രയോഗങ്ങൾ ശ്രദ്ധിക്കുക (ഉല്പത്തി 4:4,5).

കയീനെയും ഹാബേലിനേയും ദൈവം വീക്ഷിച്ചപ്പോൾ ഹാബേൽ നീതിമാനും സ്വന്തം അപര്യാപ്തതയെക്കുറിച്ചുള്ള ബോധ്യത്തോടെ ലളിതമായ വിശ്വാസത്തിൽ ദൈവത്തിൽ ആശ്രയിക്കുന്നവനുമായി അവനെ കണ്ടു (എബ്രായർ 11:4) മറിച്ച് കയീൻ ദുഷ്ടനും നന്മ ചെയ്യാൻ കഴിയുമായിരുന്നിട്ടും അതു ചെയ്യാത്തവനുമായിരുന്നു (1 യോഹന്നാൻ 3:12; ഉല്പത്തി 4:7). ഫലം ഹാബേലിൽ ദൈവം പ്രസാദിച്ചു. കയീനിൽ പ്രസാദിച്ചില്ല.

മനുഷ്യനെ സംബന്ധിച്ചു ദൈവത്തിനു സ്വീകാര്യമായത്, പ്രസാദകരമായത് എന്താണെന്നതിനെക്കുറിച്ച് ദൈവത്തിന്റെ ഹൃദയം അറിഞ്ഞ മനുഷ്യനായ ദാവീദിനു ബോധ്യം ഉണ്ടായിരുന്നു. "ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ്; തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ ദൈവമേ, നീ നിരസിക്കുകയില്ല" (സങ്കീ.51:17).

ഒരുവൻ അർപ്പിക്കുന്ന യാഗങ്ങളെക്കാൾ അവനെയാണ്, അവന്റെ തകർന്ന, നുറുങ്ങിയ, ഹൃദയത്തെയാണു ദൈവം സ്വീകരിക്കുന്നത്! യാഗാർപ്പണങ്ങളുടെ പഴയനിയമ കാലഘട്ടത്തിൽ ഇതായിരുന്നു സ്ഥിതിയെങ്കിൽ ഇന്ന് പുതിയനിയമ കാലത്ത് ഇതിന്റെ പ്രസക്തി എത്ര വലുതാണ്! ഇന്ന് ആരാധകനെക്കാൾ ആരാധനയ്ക്കാണ് ഊന്നൽ. എന്നാൽ ആരാധനയെന്ന പേരിൽ നാം നടത്തുന്ന 'പ്രകടന' (Performance) ത്തെക്കാൾ നമ്മെയാണു ദൈവം ശ്രദ്ധിക്കുന്നതെന്ന് നാം മറന്നുപോകരുത്.

കേവലം ബുദ്ധിപരമായ ഒരു വിശ്വാസത്തിനപ്പുറം അനുതാപമുള്ള, തകർച്ചയും നുറുക്കവുമുള്ള ഹൃദയത്തിൽ നിന്നു വരുന്ന അനുസരണമാണ് ദൈവത്തിന് പ്രസാദകരം. ദൈവഭക്തിയുടെ ഈ രഹസ്യം നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? വിശ്വാസത്തിന് അനുസരണം വരുത്തുന്ന ഒരു ശുശ്രൂഷയുടെ ഇന്നത്തെ ആവശ്യകത നിങ്ങൾ തിരിച്ചറിയുന്നുണ്ടോ?

---

# സർ എന്നു വിളിക്കുമ്പോൾ

ബ്രിട്ടീഷുകാർ നമ്മുടെ രാജ്യം കീഴടക്കി നമ്മളെ അടിമകളാക്കി വച്ചു. അവരുടെ അടിമകളായ നമ്മളെക്കൊണ്ട് 'സർ' എന്നു വിളിപ്പിച്ചു. എന്ത് അർത്ഥത്തിലാണ് അവർ നമ്മളെക്കൊണ്ട് 'സർ' എന്നു വിളിപ്പിച്ചത്? 'Sir' എന്നുവച്ചാൽ "Slave I Remain" (എന്നും നിങ്ങളുടെ അടിമ) എന്നർത്ഥം. സ്വാതന്ത്ര്യം കിട്ടിയിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും നമ്മൾ ഇന്നും കാണുന്നവരെയെല്ലാം 'സർ' എന്നു വിളിക്കുന്നു.

അമേരിക്കൻ പ്രസിഡന്റിനെ അവിടുത്തെ സാധാരണക്കാരൻ പോലും Mr. President എന്നു വിളിക്കുമ്പോൾ നമ്മൾ ഇന്നും വില്ലേജ് ഓഫീസിലെ ഗുമസ്തനെ വരെ 'സർ' എന്നു വിളിക്കുന്നു....



കഷ്ടം തന്നെ കഷ്ടം!!!

മാധ്യമ വിചാരണയിൽ കേട്ട ഒരു പരാമർശമാണിത്.

മലയാളികളുടെ വിളികളും കാഴ്ചപ്പാടുകളും മാറുകയാണ്. ഇതൊക്കെ സാമൂഹ്യ മാധ്യമങ്ങളുടെ സൃഷ്ടി എന്നു പറഞ്ഞൊഴിയാതെ 'Sir' എന്ന വാക്കിന്റെ യാഥാർത്ഥ്യം എന്താണെന്ന് നമുക്കൊന്നു പരിശോധിക്കാം.

സർ എന്ന വിളി ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ അവശേഷിപ്പാണോ...

ബ്രിട്ടീഷുകാർ തുടങ്ങിവച്ച സർ എന്ന വാക്കിന്റെ യഥാർത്ഥത്തിലുള്ള അർത്ഥം എന്താണ്. "Slavel Remain" എന്നായിരുന്നോ. എന്നാൽ അല്ല. സർ എന്ന വാക്കുതന്നെ ഇംഗ്ലീഷുകാരുടെ സംഭാവനയല്ല. Sir എന്ന വാക്ക് Sire എന്ന ഫ്രഞ്ച് വാക്കിൽ നിന്നും ഉണ്ടായതാണ്. "Sir" is derived form the middle French honorific title Sire. Developed alongside theword "SEIGNEUR", also used to refer to a feudal lord. Both derived from Vulgar latin "Senior", Sire comes from nominative case declension senior and seigneur. The accusative case declension seniorm. Sire എന്ന ഫ്രഞ്ച് വാക്ക് seigneur എന്ന വാക്കിന്റെ ചുരുക്ക രൂപമാണ്. Seigneur എന്ന് ഫ്രഞ്ചിൽ പറഞ്ഞാൽ ഇംഗ്ലീഷിൽ feudal or lord എന്നാണ് അർത്ഥം. ആ വാക്കിനെ മലയാളത്തിലേക്ക് തർജിമ ചെയ്താൽ പ്രഭു അല്ലെങ്കിൽ ഉടമ എന്നാണ് അർത്ഥം.

ഇംഗ്ലീഷ് ഭാഷയിലേക്ക് സർ എന്ന പദം നിഘണ്ടുകളിൽ രേഖപ്പെടുത്താൻ തുടങ്ങിയത് എ.ഡി.1297 മുതലാണ്. ആ സമയത്ത് സർ എന്ന പദം ഒരു അലങ്കാര പദമായിരുന്നു. എല്ലാവരുടെയും പേരിന്റെ മുന്നിൽ സർ എന്ന് പ്രയോഗിക്കാൻ പറ്റുമായിരുന്നില്ല. കാരണം അത് സ്ഥാനീയമായ തലക്കെട്ടാണ്. നമ്മുടെ പത്മശ്രീ പോലെ.

ഐസക്ക് ന്യൂട്ടനെ എല്ലാവരും വിളിക്കുന്നത് സർ ഐസക്ക് ന്യൂട്ടനെന്നാണ്. സ്വാതന്ത്ര്യസമരകാലത്ത് സർ എന്ന പദവി തിരികെ കൊടുത്ത് ബ്രിട്ടീഷ് സർക്കാരിനെതിരെ പ്രതികരിച്ച രവീന്ദ്രനാഥ ടാഗോറിനെപ്പോലെയുള്ള മഹാന്മാരെയും നമ്മൾ ഓർമിക്കേണ്ടതാണ്.

അപ്പോൾ രണ്ട് ചോദ്യങ്ങൾ നമ്മുടെ മുന്നിൽ കടന്നുവരും. സർ എന്ന് ആരെയാണ് അഭിസംബോധന ചെയ്യേണ്ടത്. ആ വാക്കിന്റെ അർത്ഥം പ്രഭു അല്ലെങ്കിൽ ഉടമ എന്നാണെങ്കിൽ ആ വാക്ക് ഉപയോഗിക്കുന്ന സാധാരണക്കാരനെ അടിമയായി കാണേണ്ടതുണ്ടോ. സർ എന്നത് ശ്രീ അല്ലെങ്കിൽ പത്മശ്രീ എന്നീ പദങ്ങൾ പോലെയാണെങ്കിൽ കാണുന്നവരെയൊക്കെ സാറെ എന്ന് വിളിക്കേണ്ടതുണ്ടോ. സാറെ എന്ന് വിളിക്കാൻ അല്ലെങ്കിൽ പ്രഭുവേ എന്ന് വിളിക്കാൻ, സാധാരണക്കാരൻ ആരുടെയും അടിമയല്ല. Slaves അല്ലെങ്കിൽ അടിമകളാണ് ഉടമകളെ Sir എന്ന് വിളിച്ച് അഭിസംബോധന ചെയ്യുന്നത്. ആ പശ്ചാത്തലത്തിൽ ചിന്തിച്ചാൽ സർ എന്ന വാചകം ബ്രിട്ടീഷുകാരുടെ പ്രേതബാധ തന്നെയാണ്.

ടാഗോർ നമ്മുടെ വിദ്യാഭ്യാസത്തിനെ നിർവചിച്ചത് ഇങ്ങനെയായിരുന്നു "ജന്മം കൊണ്ടും രൂപം കൊണ്ടും ഇന്ത്യക്കാരൻ. പക്ഷെ ചിന്തകൾകൊണ്ടും സംസാരം കൊണ്ടും ഇംഗ്ലീഷുകാരൻ."

*ശേഷം പേജ് 4*






## പ്രണയക്കുരുക്ക്

**മൊ**ബൈൽ ഫോണുകളുടെ ഉപയോഗവും നവ സാമൂഹ്യമാധ്യമങ്ങളുടെ പ്രചാരവും വർധിച്ചതോടെ ബന്ധങ്ങൾക്കു കൂടുതൽ സൗകര്യവും ആശയവിനിമയത്തിനു കൂടുതൽ അവസരങ്ങളുമൊരുങ്ങി. അതോടൊപ്പം അതിന്റെ ദുരുപയോഗവും പെരുകി. കെണിയിൽ പെടുത്താനുള്ള വഴികൾ നിരവധിയായി. ഇത്തരം കെണികളിൽ പെൺകുട്ടികളാണു കൂടുതലും വീഴാറുള്ളത്. സെൽഫി മാത്രമല്ല, മോർഫ് ചെയ്ത ചിത്രങ്ങളും പലരുടെയും ഭാവി അപകടത്തിലാക്കും. ഇത്തരം അപക്വവും അവസരവാദപരവും ആക്രമണസ്വഭാവമുള്ളതുമായ പ്രണയം തിരിച്ചറിയാൻ പെൺകുട്ടികൾക്കു കഴിയണം. അതിനുള്ള ബോധവത്കരണം പല തലങ്ങളിൽ നടക്കേണ്ടിയിരിക്കുന്നു.

ആരോഗ്യകരമായ സൗഹൃദങ്ങളും ലൈംഗികവിദ്യാഭ്യാസവും ഇനിയും നമ്മുടെ പാഠ്യപദ്ധതികളിൽ ശാസ്ത്രീയമായി ഉൾപ്പെടുത്തിയിട്ടില്ല. അധ്യാപകർക്കും ഇക്കാര്യത്തിൽ ചില കാര്യങ്ങൾ ചെയ്യാനാവും. കുട്ടികളുമായി വ്യക്തിബന്ധം പുലർത്തുന്ന അധ്യാപകർക്ക് അവരുടെ സ്വഭാവത്തിലെ മാറ്റങ്ങൾ പെട്ടെന്നു മനസിലാക്കാനും വേണ്ട മാർഗനിർദേശങ്ങൾ നൽകാനും കഴിയും. പരിധി വിടുന്ന ബന്ധങ്ങൾ മാതാപിതാക്കളുടെ ശ്രദ്ധയിൽ പെടുത്തുകയും വേണം. മാതാപിതാക്കളാകട്ടെ കുട്ടികളെ ന്യായീകരിക്കാൻ വ്യഗ്രത കാട്ടാതെ കാര്യങ്ങൾ മനസിലാക്കി തിരുത്തലുകൾക്കു പ്രേരിപ്പിക്കുക. ചില കാര്യങ്ങളോടു ധൈര്യമായി പ്രതികരിക്കാനും വേണ്ടെന്ന് പറയേണ്ടിടത്ത് അതു പറയാനും പെൺകുട്ടികൾക്കു കഴിയണം. അപകടകരമായ സാഹചര്യങ്ങൾ കുട്ടികൾക്കു മനസിലാക്കിക്കൊടുക്കാനുള്ള പരിശീലനം കുടുംബത്തിൽ നിന്നുതന്നെ ലഭിക്കുകയും വേണം.




### മലയാളത്തിൽ മറ്റ് ഭാഷകളിൽ നിന്നും വന്നുചേർന്ന ചില വാക്കുകൾ പരിചയപ്പെടാം

**സംസ്കൃതം** – കളഭം, കല്പന, വിളംബരം,സുഖം, ഉദ്യോഗം, ജീവനക്കാരൻ, അവധി, നമസ്ക്കാരം, പിതാവ്, മാതാവ്, പുത്രൻ, ഭർത്താവ്, ക്ഷേത്രം, സൗജന്യം, ആധാരം, പായസം.

**ഹിന്ദി** – ജോഡി, കച്ചേരി, പഞ്ചായത്ത്, പടക്കം, ലാത്തി, പൈസ, ഖദർ, ഹർത്താൽ, ധർണ, ബന്ദ്, റവ, ബത്ത, കമ്മി

**അറബി** – ബാക്കി, ജില്ല, തഹസിൽദാർ, മുൻഷി, മഹസർ, മാപ്പ്, ഹർജി, ഖജാൻജി, അദാലത്ത്, രാജി, റദ്ദ്, ഫക്കീർ.

**മറാത്തി** – ബിനാമി, തപാൽ, ജിലേബി, പപ്പടം

**പേർഷ്യൻ** – കനേഷുമാരി, ഓഹരി, ഗുമസ്തൻ, ദിവാൻ, സർദാർ, അച്ചാർ, ശിപായി, സിൽബന്തി, ബസാർ, സർക്കാർ, ശരാശരി, സുമാർ, ദർഘാസ്.

**പോർച്ചുഗീസ്** – കടലാസ്, പട്ടാളം, പപ്പായ, അലമാര, കസേര, മേശ, തൂവാല, ആയ, കപ്പിത്താൻ, ലേലം, ഇസ്തിരി, മേസ്തിരി, റോന്ത്, കുമ്പസാരം, കുരിശ്, കൊന്ത, വീഞ്ഞ്.

**ഇംഗ്ലീഷ്** – സ്കൂൾ, നോട്ടീസ്, പേപ്പർ, പെൻസിൽ,ബുക്ക്, ബസ്, പോലീസ്, സ്റ്റാമ്പ്, സിനിമ, ഫോൺ, സോപ്പ്, ടേബിൾ, ബാങ്ക്, റബ്ബർ, റാന്തൽ, റാലി, റീത്ത്, രജിസ്റ്റർ, വരാന്ത, ബോണസ്.

**ഫ്രഞ്ച്** – കഫേ, ബൂർഷ്വാ, ടാബ്ലോ, ഡീലക്സ്

**സുറിയാനി** – മാലാഖ, കപ്യാർ, കാസ, സാത്താൻ, കുർബാന, കൂദാശ, പറുദീസ

**ലത്തീൻ** – കരിക്കുലം, സിലബസ്

**ഗ്രീക്ക്** – സെമിത്തേരി, ഹൈറാർക്കി



## പല്ലുകൾ

### പണ്ടുപണ്ടേ പല്ലുതേച്ചിരുന്നു

ബി.സി.3500 – ൽതന്നെ ഈജിപ്തുകാരും ബാബിലോണിയരും പല്ല് വൃത്തിയാക്കാൻ ബ്രഷ് ഉപയോഗിച്ചിരുന്നു. പ്രത്യേക മരത്തിന്റെ കമ്പുകളാണ് ഇതിന് ഉപയോഗിച്ചിരുന്നത്.

### ബലവാൻ ഇനാമൽ

പല്ലുകളിലെ ഇനാമൽ ആണ് നമ്മുടെ ശരീരത്തിലെ ഏറ്റവും ബലമുള്ള വസ്തു.

### പല്ലിനുവേണ്ട ദിവസങ്ങൾ

ഒരു മനുഷ്യൻ അവന്റെ ജീവിതകാലം മുഴുവൻ പല്ലു തേയ്ക്കാൻ എടുക്കുന്ന ആകെ സമയം കണക്കാക്കിയാൽ ഏകദേശം മുപ്പത്തെട്ട് ദിവസങ്ങൾ വരും!




### ഇംഗ്ലീഷിലെ അപൂർവമായ വാക്കുകൾ പരിചയപ്പെടുത്തുന്ന പംക്തി

**വ**ളരെ ദേഷ്യക്കാരിയായ സ്ത്രീയെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന ഒരു വാക്കാണ് **'Termagant'** (ടേമഗെന്റ്) മൊറാലിറ്റി നാടകങ്ങളിൽ പ്രത്യക്ഷപ്പെടാറുള്ള വളരെ ദേഷ്യക്കാരിയായ 'ടേമഗഗെന്റ്' എന്ന ദേവതയുടെ പേരിൽനിന്നാണ് ഈ വാക്ക് വരുന്നത്.

തിരിച്ചു കിട്ടാത്ത സ്നേഹം/വിശ്വാസം എന്നൊക്കെ നാം മലയാളത്തിൽ പറയാറുണ്ട്. ഇതിനെ വിശേഷിപ്പിക്കാൻ ഇംഗ്ലീഷിൽ ഉപയോഗിക്കുന്ന ഒരു വാക്കാണ് **Unrequited** (അൺറിക്വയ്റ്റഡ്).

ഏത് പ്രതിസന്ധിയിലും തളരാതെ നിൽക്കുന്ന ആളുകളെ നാം കണ്ടിട്ടുണ്ടാകും. അത്തരത്തിൽ ഉള്ള ഒരാളെ വിശേഷിപ്പിക്കാൻ ഉപയോഗിക്കുന്ന ഇംഗ്ലീഷ് പദമാണ് **'Nonchalant'** (നോൺഷലാന്റ്).

'കരുതിക്കൂട്ടി ചെയ്യാത്ത' എന്നർഥം വരുന്ന ഇംഗ്ലീഷ് വാക്കാണ് **Unpremeditated** (അൺപ്രീമെഡിറ്റെറ്റഡ്).

**'Spontaneous'** എന്ന വാക്ക് പരിചയമുണ്ടോ? വാക്കിന്റെ കട്ടി കണ്ട് ഭയക്കേണ്ട. ഈ വാക്കിന്റെ അർഥം 'സ്വാഭാവികമായ' എന്നാണ് **'spontaneous laughter'** (സ്വാഭാവികമായ ചിരി).

പ്രത്യേകിച്ച് തയ്യാറെടുപ്പുകൾ ഒന്നും കൂടാതെ ചെയ്യുന്ന സംസാരത്തെയോ അല്ലെങ്കിൽ പ്രവർത്തനത്തെയോ വിശേഷിപ്പിക്കാൻ ഉപയോഗിക്കുന്ന പദമാണ് **'Extemporaneous'** (എക്സ്റ്റംപോറേനിയസ്) ഉദാഹരണമായി **'Extemporaneous speech'** (മുൻ തയാറെടുപ്പുകൾ ഒന്നും ഇല്ലാത്ത പ്രസംഗം).

**'Lugubrious'** എന്നൊരു വാക്ക് കേട്ടിട്ടുണ്ടോ? 'വിഷാദം നിറഞ്ഞ' എന്നാണ് ഇതിന് അർഥം. ഈ വാക്ക് ഉച്ചരിക്കേണ്ടത് 'ലുഗുബ്രിഅസ്' എന്നാണ്. ലാറ്റിൻ ഭാഷയിൽ നിന്ന് പതിനാറാം നൂറ്റാണ്ടിൽ ഇംഗ്ലീഷിലേക്ക് കുടിയേറിയ വാക്കാണിത്.

ഇതേ അർഥം വരുന്ന മറ്റൊരു വാക്കാണ് **'Woebegone'**. 'വൗബിഗോൺ' എന്നാണു ഈ വാക്ക് ഉച്ചരിക്കേണ്ടത്.



## നക്ഷത്ര നാവികന്മാർ

**ഗ്രീ**ക്ക് വാക്കുകളായ 'അസ്ട്രോൺ (Astron), 'നോട്സ്' (Nautes) എന്നിവയിൽ നിന്നാണ് ആസ്ട്രനോട്ട് (Astronaut) എന്ന വാക്കുണ്ടായത്. ആസ്ട്രോൺ എന്നാൽ സ്റ്റാർ (Star) നോട്സ് എന്നാൽ (Sailor) എന്നുമാണ് അർത്ഥം!







## തടിയൻ മൗസ്



**ആ**ദ്യത്തെ കമ്പ്യൂട്ടർ മൗസിന്റെ പ്രധാന ഭാഗങ്ങളെല്ലാം ഉണ്ടാക്കിയത് മരത്തടി കൊണ്ടാണ്. 1964 ൽ ഡഗ്ലസ് സി.എൻ.ഗെൽബാർട്ടാണ് മൗസ് കണ്ടുപിടിച്ചത്.



# ശപിക്കുന്നവരെ അനുഗ്രഹിക്കുമ്പോൾ



ജീവസന്ദേശം

ടി.എം. വർഗ്ഗീസ് ഓതറ

സ്വിറ്റ്സർലൻഡുകാരനായ എഴുത്തുകാരനും ഗവേഷകനുമാണ് പിയറെ പ്രേഡർവാൻഡ്. ജീവിതത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതു സംബന്ധിച്ചു അദ്ദേഹം തനിക്കുണ്ടായ ഒരനുഭവം ഒരിടത്തു വിവരിക്കുന്നുണ്ട്.

കോളജ് പഠനം കഴിഞ്ഞു പ്രേഡർവാൻഡ് ജോലി ആരംഭിച്ച കാലം. അദ്ദേഹത്തിന്റെ മനസിനിണങ്ങിയ ജോലിയായിരുന്നു അത്. വേതനവും തൃപ്തികരമായിരുന്നു. പക്ഷേ, ഒരു ദിവസം അദ്ദേഹത്തിന്റെ മേധാവി നീതിക്കു നിരക്കാത്ത ഒരു കാര്യം ചെയ്യുവാൻ ആവശ്യപ്പെട്ടു. അതു ചെയ്യുവാൻ വിസമ്മതിച്ചാൽ ജോലി നഷ്ടപ്പെടുമെന്ന ഭീഷണിയും ഉണ്ടായി. വലിയ ധർമസങ്കടത്തിലായി അദ്ദേഹമപ്പോൾ.



പക്ഷേ അന്യായം പ്രവർത്തിച്ചു ജോലിയിൽ തുടരേണ്ട എന്നു പ്രേഡർവാൻഡ് തീരുമാനിച്ചു. അതോടെ ജോലി നഷ്ടപ്പെട്ടു. അദ്ദേഹത്തിന്റെ മനസിൽ തന്റെ മുൻ മേധാവിയോട് വലിയ വെറുപ്പും വിദ്വേഷവുമായി. ദിവസങ്ങൾ കഴിയുന്തോറും വെറുപ്പും വിദ്വേഷവും കൂടിയതല്ലാതെ കുറഞ്ഞില്ല. ഇത് അദ്ദേഹത്തിന്റെ ഉറക്കം നഷ്ടപ്പെടുത്തി.

അങ്ങനെയിരിക്കുമ്പോഴാണ് ഒരു ദിവസം ബൈബിളിൽ നിന്നു വിശുദ്ധ ലൂക്കോസ്  എഴുതിയ സുവിശേഷത്തിലെ ആറാം അദ്ധ്യായം വായിക്കാനിടയായത്. "ശപിക്കുന്നവരെ നിങ്ങൾ അനുഗ്രഹിക്കുവിൻ" എന്ന തിരുവചനം അദ്ദേഹത്തിന്റെ മനസിൽ തങ്ങി. ഉടനെ തന്റെ അന്ധകാരം നീങ്ങി, മനസു ശാന്തമായെന്ന് അദ്ദേഹം പറയുന്നു. അദ്ദേഹം തന്റെ ശത്രുക്കളെ അനുഗ്രഹിച്ചുകൊണ്ട് അവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ തുടങ്ങി.

പ്രേഡർവാൻഡിന്റെ ജീവിതത്തെ മാറ്റിമറിച്ച അനുഭവമായിരുന്നു അത്. അതിനു ശേഷം കുറെ നാൾ കഴിഞ്ഞപ്പോൾ അദ്ദേഹം തന്റെ ചുറ്റും കാണുന്നവരെയും അനുഗ്രഹിക്കുവാൻ തുടങ്ങി. ട്രെയിനിലും ബസിലും വഴിവക്കിലും പാർക്കിലും സൂപ്പർ മാർക്കറ്റിലുമൊക്കെ കാണുന്നവരെയും അനുഗ്രഹിച്ചുകൊണ്ട് അവർക്കുവേണ്ടി പ്രാർത്ഥിച്ചു.

ഒരു ദിവസം യൂത്ത് മീറ്റിംഗിനുവേണ്ടി അദ്ദേഹം ഒരു കുറിപ്പു തയാറാക്കി. എപ്പോഴും മറ്റുള്ളവരെ അനുഗ്രഹിക്കണമെന്ന് ഓർമിപ്പിക്കുന്ന കുറിപ്പായിരുന്നു അത്. അദ്ദേഹം ഇപ്രകാരം എഴുതി: "വഴിയിൽ, ബസിൽ, ജോലി സ്ഥലങ്ങളിൽ, മറ്റുള്ളവരെ കാണുമ്പോൾ അവരെ ഹൃദയംകൊണ്ട് അനുഗ്രഹിക്കുക. നിങ്ങളുടെ അനുഗ്രഹം കൊണ്ടുണ്ടാകുന്ന സമാധാനം അവരുടെ വഴിയിൽ തണലും അവരുടെ പാതയിൽ മർഗദീപവുമായിരിക്കും.

മറ്റുള്ളവരെ കാണുമ്പോഴും അവരുമായി സംസാരിക്കുമ്പോഴും അവരെ അനുഗ്രഹിക്കുക. അവരുടെ ആരോഗ്യത്തിലും അവരുടെ സന്തോഷത്തിലും അവരുടെ ജോലിയിലും അവരെ അനുഗ്രഹിക്കുക.

നിങ്ങൾ താമസിക്കുന്ന പ്രദേശത്തും അവിടെയുള്ള അധികാരികളെയും ആരെങ്കിലും എന്തെങ്കിലും കാരണത്താൽ നീരസം പ്രകടിപ്പിക്കുകയോ ശത്രുതാ മനോഭാവത്തോടെ പെരുമാറുകയോ ചെയ്താൽ അപ്പോഴൊക്കെ അവരെ അനുഗ്രഹിച്ചുകൊണ്ടു പ്രതികരിക്കുക. ആത്മാർത്ഥമായും സന്തോഷത്തോടെയും പൂർണമായും അവരെ അനുഗ്രഹിക്കുക.

മറ്റുള്ളവരെ അനുഗ്രഹിക്കുക എന്നു പറഞ്ഞാൽ, ഉപാധികളൊന്നുമില്ലാതെ, ഹൃദയത്തിന്റെ അഗാധതയിൽ നിന്നു മറ്റുള്ളവരുടെ നന്മ ആത്മാർത്ഥമായി ആഗ്രഹിക്കുക എന്നർഥം.

പ്രേഡർവാൻഡ് പ്രസിദ്ധീകരിച്ച കുറിപ്പ് കാണാനിടയായ നിരവധിയാളുകൾ ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്ന് അദ്ദേഹത്തിനു നന്ദി പറഞ്ഞുകൊണ്ടും അദ്ദേഹത്തെ ആദരിച്ചുകൊണ്ടും കത്തുകളെഴുതി. കാരണം, അത്രമാത്രം വ്യത്യാസമാണ് മറ്റുള്ളവരെ അനുഗ്രഹിക്കുവാൻ തുടങ്ങിയതുവഴി അവരുടെ ജീവിതത്തിൽ സംഭവിച്ചത്.

നമ്മുടെ അനുഭവത്തിൽ നമ്മെ ശപിക്കുന്നവർ കുറവായിരിക്കാം. എന്നിരുന്നാലും നമ്മെ അകാരണമായി വെറുക്കുന്നവരും നമുക്കെതിരായി പ്രവർത്തിക്കുന്നവരുമൊക്കെ നമ്മുടെ ചുറ്റിലും കണ്ടേക്കാം. അങ്ങനെയുള്ളവരെ പ്രേഡർവാൻഡ് പറയുന്നതുപോലെ തിരുവചനാടിസ്ഥാനത്തിൽ അനുഗ്രഹിക്കുവാൻ നമുക്കു സാധിക്കുമോ? എങ്കിൽ നമ്മുടെയും മറ്റുള്ളവരുടെയും ജീവിതത്തിൽ അത്ഭുതങ്ങൾ സംഭവിക്കുമെന്നു തീർച്ചയാണ്.

നമ്മെ വെറുക്കുന്നവരെ ശത്രുതാ മനോഭാവത്തോടെ നോക്കിക്കാണുന്നതിനുപകരം അവരെ ദൈവസന്നിധിയിൽ സമർപ്പിച്ച് അനുഗ്രഹിച്ചുകൊണ്ടു പ്രാർത്ഥിച്ചാൽ അതുവഴിയായി അവരുടെ ജീവിതത്തിൽ മാത്രമല്ല, നമ്മുടെ ജീവിതത്തിലും ധാരാളം ദൈവാനുഗ്രഹമുണ്ടാകും.

നമ്മെ ശപിക്കുന്നവരെയും വെറുക്കുന്നവരെയും മാത്രമല്ല, നമ്മുടെ ചുറ്റിലുമുള്ള എല്ലാവരെയും നമുക്ക് ദൈവസന്നിധിയിൽ സമർപ്പിച്ച് പ്രാർത്ഥിച്ച് അനുഗ്രഹിക്കാം. അപ്പോൾ മറ്റുള്ളവരുടെയെന്നപോലെ നമ്മുടെയും ലോകം പതിന്മടങ്ങു പ്രകാശമാനമാവും.

---

# ദൈവികാധികാരം

ഞാൻ നിന്നെ അവരുടെ മദ്ധ്യത്തിലേക്ക് അയയ്ക്കുന്നു. ''ദൈവമായ കർത്താവ് ഇങ്ങനെ അരുളിച്ചെയ്യുന്നു"എന്നു നീ അവരോടു പറയണം. അവരെ സംബന്ധിച്ചിടത്തോളം അവർ കേട്ടാലും കേട്ടില്ലെങ്കിലും അവർ മത്സരഗൃഹമല്ലോ. തങ്ങളുടെ മദ്ധ്യത്തിൽ ഒരു പ്രവാചകനുണ്ടെന്ന് അവർ അറിയും (യെഹെ.2:4-5).

വിമർശനോദ്ദേശത്തോടെയല്ലാ ഞാൻ ഇത് എഴുതുന്നത്. തട്ടിക്കൂട്ടി, കാണാതെപഠിച്ച് വേണ്ടത്ര മസാലകൾ ചേർത്ത് അഭിനയിച്ചു ഫലിപ്പിക്കുന്ന പ്രസംഗങ്ങളാണ്  നാം ഇന്നു കാണുന്നത്. എന്നാൽ ഇന്ന് ഉള്ളതിലും അധികം ദൈവികാധികാരം ക്രിസ്തീയ പ്രസംഗങ്ങളിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. ഒരു രാജാവ് സിംഹാസനത്തിൽ ഇരുന്ന് അധികാരം നടത്തുന്നതു പോലെ ഒരു ക്രിസ്തീയ പ്രസംഗകൻ തന്റെ പ്രസംഗപീഠത്തിൽ ആയിരിക്കണം. അയാൾ മാനുഷികാധികാരത്തിന്റെ ബലത്തിലായിരിക്കരുത് സംസാരിക്കേണ്ടത്. ദൈവീക പ്രഭാവത്തിലായിരിക്കണം ക്രിസ്തീയ പ്രസംഗകൻ പ്രസംഗപീഠത്തിൽ നിന്നും ദൈവവചനത്താൽ അധികാരം നടത്തേണ്ടത്.



ഒരു ദൈവമനുഷ്യൻ സംസാരിക്കാൻ എഴുന്നേൽക്കുമ്പോൾ ശ്രോതാക്കളെ തന്റെ വാക്കുകൾക്ക് ചെവികൊടുക്കാൻ നിർബന്ധിതരാക്കുന്ന ദൈവികാധികാരം ഉണ്ടായിരിക്കണം. ശ്രോതാക്കൾ ചെവികൊടുക്കാതെ വരുമ്പോൾ ദൈവവചനത്തെ തിരസ്കരിച്ചതിന് അവർ ദൈവസന്നിധിയിൽ കണക്കുപറയേണ്ടിവരും. ഇത്തരത്തിലുള്ള ദൈവികാധികാരത്തിന്റെ സ്ഥാനത്ത് ഇന്ന് നാം കാണുന്ന പ്രസംഗകർ എതു തരക്കാരാണ്? ജനത്തെ ഒട്ടും വേദനിപ്പിക്കാതെ അവരെ സന്തോഷിപ്പിച്ച് മൃദുവായി തലോടുന്ന പ്രസംഗകരെ എവിടെയും കാണാവാൻ കഴിയും.

ദൈവികാധികാരത്തിൽ വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. ഒരുവന് ദൈവത്തിൽ നിന്നും അധികാരം ലഭിച്ചിട്ടില്ലെങ്കിൽ അത് ലഭിക്കുംവരെ വേറിട്ടിരുന്ന് പ്രാർത്ഥിക്കണം. തെരുവിന്റെ ഒരു കോണിൽ നിന്ന് പ്രസംഗിച്ചു തുടങ്ങാനേ കഴിയുന്നുള്ളൂവെങ്കിലും ദൈവികാധികാരത്തോടുകൂടി മാത്രം അവൻ സംസാരിക്കട്ടെ. അപകടത്തിൽപ്പെട്ടവരെ രക്ഷിക്കാൻ പുറപ്പെടുന്ന ഒരുവന്റെ മനോഭാവത്തോടെ അവർ ദൈവത്തിന്റെ അധികാരത്തോടെ പ്രസംഗിക്കട്ടെ!

സഭയുടെ ആദ്യനാളുകളിൽ ക്രിസ്തുശിഷ്യർക്ക് അത് ഉണ്ടായിരുന്നു. അവർ സംസാരിക്കാൻ എഴുന്നേൽക്കുമ്പോൾ ദൈവത്തിന്റെ അധികാരത്തിലായിരുന്നു സംസാരിച്ചത്.

"കർത്താവേ! അപ്പോസ്തലനായ പൗലോസിനെപ്പോലെ, യെഹസ്കേലിനെപ്പോലെ, യിരെമ്യാവിനെപ്പോലെ മറ്റു പ്രവാചകന്മാരെപ്പോലെ പ്രസംഗിക്കാൻ എപ്പോഴും എന്നെ സഹായിക്കേണമേ എന്നു നമുക്കു പ്രാർത്ഥിക്കാം. നമ്മുടെ പക്കൽ ജീവനുള്ള ദൈവത്തിന്റെ വചനമുണ്ടെങ്കിൽ, പരിശുദ്ധാത്മാവിന്റെ സഹായം ഉണ്ടെങ്കിൽ, താഴ്മയുള്ള ഒരു ആത്മാവ് ഉണ്ടെങ്കിൽ, ദൈവത്തിൽ മാത്രം പൂർണ്ണമായി ചാരുമെങ്കിൽ നമുക്ക് അത് സാധിക്കും.

---



പേജ് 2 തുടർച്ച

# സർ എന്നു വിളിക്കുമ്പോൾ

ബ്രിട്ടീഷുകാരൻ ഇവിടെ നിന്നും കെട്ടുംകെട്ടി പോയി. പക്ഷേ, ടാഗോർ പറഞ്ഞതുതന്നെ സംഭവിച്ചിരിക്കുന്നു. നാം ഉപയോഗിക്കുന്ന പല പദങ്ങളും ബ്രിട്ടീഷുകാരന്റെ ആത്മാവുള്ളതാണ്.

### ഇങ്ങനെയൊക്കെ ചിന്തിച്ചാൽ...

സർ എന്ന വിളിതന്നെ നിരോധിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്ന് തോന്നിയേക്കാം. പക്ഷെ സർ എന്ന വാചകത്തിന് ഉടമ അല്ലെങ്കിൽ പ്രഭു എന്നേ അർത്ഥമുള്ളൂ. പക്ഷേ അത് ഉപയോഗിക്കുന്നവർ മറ്റുള്ളവരുടെ മുന്നിൽ അടിമയായി മാറുന്നു എന്നുള്ളത് തികച്ചും യാദൃശ്ചികമായ തോന്നലാണ്. ജൂനിയർ സീനിയറേയും, തൊഴിലാളികൾ മുതലാളിമാരെയും, സാധാരണക്കാർ ഉദ്യോഗസ്ഥരെയും അഭിസംബോധന ചെയ്യുമ്പോൾ ബഹുമാനപൂർവമായി ഉപയോഗിക്കുന്ന പദം മാത്രമാണ് സർ. ആ വാക്കിന് പ്രഭു എന്ന് അർത്ഥമുണ്ടെന്ന് വച്ച് മറ്റുള്ളവർ അടിമകൾ ആകണമെന്നുമില്ല. പണ്ടത്തെപ്പോലെ സർ എന്നത് ഒരു പദവിയായിട്ടാണ് കാണുന്നതെങ്കിൽ ഇപ്പോൾ അത് ബഹുമാനമർഹിക്കുന്നവർക്കുള്ള ഒരു പദപ്രയോഗം മാത്രമാണ്. വാക്കുകൾക്ക് അർത്ഥം വരുന്നത് സാഹചര്യങ്ങൾക്കും സന്ദർഭങ്ങൾക്കും അനുസരിച്ചാണ്.

NO എന്നാൽ ഇല്ല എന്ന് അർത്ഥം വരുന്നതുപോലെ വേണമെങ്കിൽ ഈ NO എന്നതിനെ next opportunity എന്നും വായിക്കാം. അപ്പോൾ അർത്ഥം തന്നെ മാറി "അടുത്ത അവസരം" എന്നാകും.ആധുനിക യുഗത്തിൽ ഒരു വാചകത്തിന്റെ അർത്ഥം മാറുകയോ മാറ്റുകയോ ചെയ്യാമെന്നതിൽ അതിശയിക്കേണ്ടതില്ല. വാക്കിനെയോ വാചകത്തെയോ ഏതു രീതിയിലും മാറ്റിമറിക്കാൻ കഴിയുമെന്നു സാരം.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ?




**ശാസ്ത്രപഠനപരമ്പര – 8**

**ചോദ്യങ്ങൾക്കും വിമർശനങ്ങൾക്കും ടൈറ്റസ് കാർത്തികപ്പള്ളി മറുപടി നൽകുന്നു**

**ഈ**ജിപ്തിൽ ഈ അടുത്ത് 2500 വർഷം പഴക്കമുള്ള ഒരു ഭരണി കണ്ടെടുത്തു. ഒരു പഴയ പിരമിഡിന്റെ ഉള്ളിൽ നിന്നാണ് ബന്തവസായി അടച്ചു സൂക്ഷിച്ച ഭരണി കണ്ടെടുത്തത്. അവർ അതു തുറന്നു. അകത്തു നിറച്ചും ഏതോ വിത്തുകൾ സൂക്ഷിച്ചിരിക്കുന്നു. ഇതു കണ്ടെത്തിയവർ വിത്ത് ജീവനുള്ളതാണോ എന്നറിയാൻ കുറെ നിലം ഒരുക്കി അതു വിതച്ചു. അത്ഭുതം! അതെല്ലാം മുളച്ചു, കിളിർത്തു വന്നു. വിത്തു കണ്ടാൽ തോന്നും ജീവനില്ലെന്ന്. എന്നാൽ ഇതിനെ ഒരുക്കപ്പെട്ട നിലത്തു വിതയ്ക്കുകയും ആവശ്യമുള്ള നനവും സൂര്യപ്രകാശവും ലഭിക്കുകയും ചെയ്തപ്പോൾ ജീവൻ ഉണ്ടെന്നു മനസിലായി. അത് കിളിർത്തു വളരാൻ തുടങ്ങി. ഇതുപോലെ മനുഷ്യന്റെ അടിസ്ഥാന ഘടകം നാശത്തിനതീതമായി നിലകൊള്ളുമെന്നിരിക്കെ സാഹചര്യങ്ങൾ അനുകൂലമാകുമ്പോൾ അതിൽനിന്ന് ശരീരം ഉയിർ കൊള്ളും എന്നു പറയുന്നതിൽ അതിശയിക്കാനൊന്നുമില്ല.







ഐസക് ന്യൂട്ടനോട് ഒരിക്കൽ ഒരു മനുഷ്യൻ ചോദിച്ചു: മണ്ണോടു മണ്ണായി തീരുന്ന മനുഷ്യൻ പുനരുദ്ധാനം ചെയ്യുമെന്നു പറഞ്ഞാൽ എങ്ങനെയാണ് വിശ്വസിക്കുക. മറുപടി ഒന്നും പറയാതെ ന്യൂട്ടൺ കുറെ ഇരുമ്പു തരികൾ എടുത്ത് മണ്ണിൽ കൂട്ടിക്കുഴച്ചു. എന്നിട്ട് അതിലെ ഇരുമ്പു തരികൾ വേർതിരിക്കാൻ പറഞ്ഞു. അത് അസാധ്യമായ കാര്യമെന്ന് അയാൾ പറഞ്ഞു. ന്യൂട്ടൺ ഒരു കാന്തമെടുത്ത് ആ പൊടിക്കു മീതെ പിടിച്ചു. ഇരുമ്പു തരികൾ കാന്തത്തിലേക്ക് ആകർഷിക്കപ്പെട്ടു. ന്യൂട്ടൺ പറഞ്ഞു: ഒരു കാന്തത്തിന് ഇത്രമാത്രം ശക്തികൊടുത്ത ദൈവത്തിന് മണ്ണോടു മണ്ണായവരെ ഉയിർപ്പിക്കാനാവില്ലേ. അവിടുന്ന് മരിച്ചവരുടെ ദൈവമല്ല. ജീവിക്കുന്നവരുടെ ദൈവമാണെന്നോർക്കുക.

മരണാനന്തര ജീവിതത്തെക്കുറിച്ചു ക്വാണ്ടം ഫിസിക്സിനെ അടിസ്ഥാനമാക്കിയുള്ള സിദ്ധാന്തം ഈ വസ്തുതകളെ സ്ഥിരീകരിക്കുന്നതാണ്. നോർത്ത് കരോളിനയിലെ വേക്ക് ഫോറസ്റ്റ് സ്കൂൾ ഓഫ് മെഡിസിനിലെ പ്രൊഫ.റോബർട്ട് ലാൻസയാണു സിദ്ധാന്തം അവതരിപ്പിച്ചത്. ശരീരം നശിക്കുമ്പോൾ നാം മരിക്കുമെന്നു കരുതരുത്. ഊർജ്ജകേന്ദ്രം പോലെ ജീവനും കേന്ദ്രമുണ്ടെന്നാണു ലാൻസയുടെ നിലപാട്. ജീവന്റെ ചലനം തിരിച്ചറിയാത്തതിനാലാണു മരണത്തെക്കുറിച്ചു മനുഷ്യർ വ്യാകുലപ്പെടുന്നത്. മരണത്തോടെ ജീവൻ ജീവകേന്ദ്രത്തിലേക്കു മടങ്ങും. നേരിയ വിള്ളലിലൂടെ സഞ്ചരിക്കുന്ന ചെറിയവസ്തുക്കളോടാണ് അദ്ദേഹം ജീവനെ താരതമ്യം ചെയ്യുന്നത്. അതിവേഗം വിള്ളലിലൂടെ സഞ്ചരിക്കുന്ന വസ്തുവിനെ ആരും കാണണമെന്നില്ല. എങ്കിലും ചലനം യാഥാർത്ഥ്യമാണ്. ഇതേപോലെ തരംഗങ്ങളുടെയും വസ്തുവിന്റെയും രൂപം സ്വീകരിക്കാൻ ജീവനു കഴിയുമെന്നാണ് അദ്ദേഹം പറയുന്നത്. രൂപം സ്വീകരിക്കുമ്പോഴാണു നാം "ജീവിക്കുന്നെന്നു" പറയുന്ന അവസ്ഥ ഉണ്ടാകുന്നതത്രേ.

ഏതൊരാളുടേയും മരണം ഉറപ്പിക്കാൻ ഡോക്ടർമാരും അല്ലാത്തവരും ആദ്യം ചെയ്യുക ഹൃദയമിടിപ്പ് പരിശോധിക്കുകയാണ്. ഹൃദയം നിലച്ചാൽ മനുഷ്യൻ മരിച്ചെന്ന ധാരണ തെറ്റാണെന്നും ആ മരണത്തിന് ശേഷവും ജീവിതമുണ്ടെന്നുമാണ് ഒരു കൂട്ടം ശാസ്ത്രജ്ഞന്മാരുടെ കണ്ടെത്തൽ. വിശ്വസിച്ചാലും ഇല്ലെങ്കിലും മരണാനന്തര ജീവിതം സത്യമാണെന്നാണ് ഇവർ വിളിച്ചു പറയുന്നത്. നേരത്തെയും ഇത്തരം ശാസ്ത്ര റിപ്പോർട്ടുകൾ പുറത്തുവന്നിട്ടുണ്ട്.

ഹൃദയം പ്രവർത്തനം നിലച്ചശേഷവും മനുഷ്യന്റെ ബോധം മറയുന്നില്ലെന്നാണ് പുതിയ കണ്ടെത്തൽ. ഹൃദയം നിലച്ച് 30 സെക്കന്റിനുള്ളിൽ മസ്തിഷ്കം പ്രവർത്തനം നിർത്തുമെന്നും പിന്നീട് തിരിച്ചു വരില്ലെന്നുമാണ് നമ്മുടെ ഇതുവരെയുള്ള ധാരണ. മസ്തിഷ്കം പ്രവർത്തനം നിർത്തിയാൽ ബോധം മറയുമെന്നായിരുന്നു കരുതിയിരുന്നത്. എന്നാൽ ഇത് ശരിയല്ലെന്നതാണ് പുതിയ കണ്ടെത്തൽ.

സൗത്താംപ്ടൺ സർവകലാശാലയിലെ ശാസ്ത്രജ്ഞർ നടത്തിയ പഠനമാണ് മരണാനന്തര ജീവിതത്തിന് തെളിവുകൾ നിരത്തുന്നത്. ഹൃദയം നിലച്ച ശേഷം മൂന്ന് മിനിട്ടുവരെ മനുഷ്യന്റെ ബോധം മറയുന്നില്ലെന്നതാണ് ഇവരുടെ കണ്ടെത്തൽ. ഒരു നിമിഷം കൊണ്ട് സംഭവിക്കുന്നതല്ല മരണം എന്നതാണ് ഈ ഗവേഷകർ ഉയർത്തുന്ന പ്രധാന വാദം. മരണം എന്നത് ശരീരത്തിലെ അവയവങ്ങൾ പ്രവർത്തനം നിർത്തിയാലും സാവധാനത്തിൽ സംഭവിക്കുന്ന ഒന്നാണെന്ന് ഇവർ പറയുന്നു. മരണം മുന്നിൽ കണ്ട 2060 മനുഷ്യർക്കിടയിലാണ് പഠനം നടത്തിയത്. അമേരിക്ക, ബ്രിട്ടൺ, ഓസ്ട്രിയ തുടങ്ങി രാജ്യങ്ങളിൽ നിന്നുള്ളവരായിരുന്നു പഠനവിധേയരായത്.

ഹൃദയം പ്രവർത്തനം നിലച്ചശേഷം 20–30 നിമിഷങ്ങൾക്കുള്ളിൽ മസ്തിഷ്കം പ്രവർത്തനം അവസാനിപ്പിക്കുമെന്നാണ് കരുതിയിരുന്നത്. ഒരിക്കൽ പ്രവർത്തനം അവസാനിപ്പിച്ചാൽ മസ്തിഷ്കം തിരിച്ചുവരില്ലെന്നും കരുതിയിരുന്നു. അങ്ങനെയെങ്കിൽ മൂന്നു മിനിറ്റോളം ഹൃദയത്തിന്റെ പ്രവർത്തനം നിലയ്ക്കുകയും പിന്നീട് ഹൃദയം മിടിച്ചു തുടങ്ങുകയും ചെയ്തയാൾക്ക് എങ്ങനെ ബോധം നിലനിന്നു എന്നതാണ് ചോദ്യം. മരണത്തെക്കുറിച്ചുള്ള ശാസ്ത്രീയ ധാരണകൾ പലതിനും തിരുത്തലുകൾ ആവശ്യമാണെന്നാണ് ഈ പഠനം നൽകുന്ന സൂചന. (തുടരും)

# കത്തോലിക്ക : സഭയോ മതമോ



ഇത് പാവം
വിശുദ്ധ പത്രോസ്

**ഗ**ലീലക്കടലിന് സമീപം സ്ഥിതിചെയ്ത ബേത്ത്സയിദ പട്ടണമായിരുന്നു പത്രോസിന്റെയും സഹോദരനായ അന്ത്രെയോസിന്റെയും സ്വന്തനാട് (യോഹ.1:42–44). പിതാവിന്റെ പേര് യോനബർയോനയെന്ന് യേശു അവനെ വിശേഷിപ്പിക്കുന്നു, (മത്താ.16:17; യോഹ.1:42), മീൻപിടുത്തമായിരുന്നു തൊഴിൽ (മത്താ.4:18–19; മർക്കൊ.1:16–21; ലൂക്കോ.5:1–11). തന്റെ ശിഷ്യരാകുവാൻ യേശു അവരെ വിളിച്ചപ്പോൾ ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കുമെന്ന് പറഞ്ഞ് യേശു അവരുടെ ഭാവിക്ക് രൂപം കുറിച്ചു. യോഹ.21:1–3ൽ പത്രൊസ് വീണ്ടും ആ തൊഴിൽ ചെയ്യാൻ പോകുന്നതായി വിവരിച്ചിരിക്കുന്നു. പത്രൊസ് വിവാഹിതനായിരുന്നു (മർക്കോ.1:29–31). യേശുവിന്റെ ശിഷ്യനാകുന്നതിനുമുമ്പ് സഹോദരനായ അന്ത്രയോസ് യോഹന്നാൻ സ്നാപകന്റെ ശിഷ്യനായിരുന്നു (യോഹ.1:40). പത്രൊസും സ്നാപകയോഹന്നാന്റെ അനുയായി ആയിരുന്നുവോ എന്നു നിശ്ചയമില്ല. യേശുവിന്റെ ശിഷ്യനാകുവാനുള്ള വിളി പത്രൊസ് സ്വീകരിച്ച് സകലവും വിട്ട് യേശുവിനെ അനുഗമിച്ചു (മർക്കൊ.1:16–18, 10:28; ലൂക്കോ.5:1–11).



ഇത് കത്തോലിക്കരുടെ
പത്രോസ് മാർ പാപ്പ


എപ്പോഴും യേശുവിന്റെകൂടെ ഉണ്ടായിരുന്ന മൂന്നു ശിഷ്യന്മാരിൽ ഒരുവനായിരുന്നു പത്രോസ്. മറ്റു രണ്ടുപേർ യാക്കോബും യോഹന്നാനും (മർക്കൊ.5:37, 9:2,3; മത്താ.26:37; മർക്കൊ.14:33). യേശു ദൈവത്തിന്റെ മശീഹാ ആണെന്ന് ആദ്യം ഗ്രഹിച്ചത് പത്രോസ് ആയിരുന്നു (മത്താ.16:16–19; മർക്കൊ.8:27–29; യോഹ.6:68–70; ലൂക്കോ. 9:18–22). പത്രോസിന്റെ വിശ്വാസപ്രഖ്യാപനം അംഗീകരിക്കുമ്പോൾ തന്നെ ഭൗതികതലത്തിൽ യേശുവിനെ കാണുന്ന ചിന്ത സാത്താന്റെ പ്രവർത്തനമാണെന്നു സൂചിപ്പിച്ചുകൊണ്ട് യേശു ഈ ശിഷ്യനെ ശകാരിക്കുകയുണ്ടായി (8:31–33).

ഗലാത്യർ 2:9 പരിശോധിച്ചാൽ യാക്കോബ്, യോഹന്നാൻ തുടങ്ങിയ ശിഷ്യന്മാർക്ക് തുല്യമായ പദവിയെ പത്രോസിനുണ്ടായിരുന്നുള്ളൂ എന്ന് നമുക്കു കാണാൻ കഴിയും. പത്രോസ് സഭയുടെ പരമാധികാരിയായിരുന്നെങ്കിൽ വിശുദ്ധ പൗലോസ് അഭിമുഖമായി നിന്ന് എതിർക്കുകയില്ലായിരുന്നല്ലോ (ഗലാ.2:11). സുവിശേഷത്തിന്റെ സത്യം അനുസരിച്ച് ചൊവ്വായി നടക്കുന്നില്ലെന്ന് ഒരു പരമാധ്യക്ഷനെക്കുറിച്ച് എങ്ങനെ കുറ്റം പറയുവാൻ കഴിയും (ഗലാ.2:14).



ഒരു കുരണ്ടി പോലും സ്വന്തമായിട്ട് ഇല്ലാതിരുന്ന പത്രോസിന് കത്തോലിക്കർ കൊടുത്ത സിംഹാസനം

ഗലീലക്കാരനായ പത്രോസ് ഒന്നാം നൂറ്റാണ്ടിലെ ക്രിസ്തീയ സഭയിലെ മൂപ്പന്മാരുടെമേൽ തനിക്ക് ഒന്നാം സ്ഥാനമുണ്ടെന്നുള്ള എന്തെങ്കിലുമൊരു ആശയം തീർച്ചയായും വെച്ചുപുലർത്തിയിരുന്നില്ല. അതിനുപകരം, അവൻ സ്വയം നിർവചിച്ചത് "ഒരു സഹമൂപ്പ"നായിട്ടാണ് (1 പത്രോസ്.5:1–6, റിവൈസ്ഡ് സ്റ്റാൻഡേർഡ് വേർഷൻ) വത്തിക്കാൻ ബസ്ലിക്കയിൽ ചെല്ലുന്ന ഏതൊരു സന്ദർശകനും കാണാവുന്നതുപോലെ, പത്രോസിന്റെ താഴ്മയുള്ള പ്രതിച്ഛായയ്ക്കു നേർവിപരീതമാണ് അദ്ദേഹത്തിന്റേതെന്നു പറയപ്പെടുന്ന കുഴിമാടത്തിനു ചുറ്റും കാണുന്ന ആഡംബരം.



പത്രോസിനു കുരിശായി
മാറിയ കിരീടവും
സിംഹാസനവും


പത്രോസ് കുറച്ചു കാലത്തേക്കു റോമിൽ പാർത്തിരുന്നുവെന്ന തിരുവചനത്തിനു നിരക്കാത്ത നുണ സത്യവും വിലയുള്ളതുമാക്കാൻ ശ്രമിച്ച കത്തോലിക്കാ സഭയുടെ ലക്ഷ്യം മറ്റു ക്രിസ്തീയ വിഭാഗങ്ങളുടെമേൽ തങ്ങളുടെ ആധിപത്യം ഉറപ്പിക്കുക എന്നതായിരുന്നു. എന്നാൽ അദ്ദേഹത്തെ അടക്കം ചെയ്തിരിക്കുന്ന സ്ഥലം വത്തിക്കാനല്ല. ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന വസ്തുതകളിൽ നിന്ന് കാര്യം വ്യക്തമാണ്.

**തെളിവുകൾ അടുത്തലക്കത്തിൽ**

# മതഭക്തിയും ആത്മീയതയും

കുപ്രസിദ്ധരായ കുറ്റവാളികൾക്കുള്ള തടവറയാണ് സിങ് സിങ് ജയിൽ. ഈ ജയിലിന് സ്നേഹത്തിന്റെ ഒരു കഥ പറയാനുണ്ട്. കഠിനഹൃദയന്മാരായ പരുക്കൻ കുറ്റവാളികളെപ്പോലും രൂപാന്തരപ്പെടുത്തിയ കഥ.

ജയിൽ വാർഡനായ ലോവിസിന്റെ ഭാര്യ കാതറിൻ ലോവിസ് അവിടേക്ക് വന്നത് 1921-ലാണ്. അവർക്ക് മൂന്ന് കൊച്ചുകുട്ടികളുണ്ടായിരുന്നു. അവർ കുടുംബമായി ജയിൽ കോമ്പൗണ്ടിന് പുറത്താണ് താമസം. ജയിലിലെ എല്ലാ വിശേഷ ദിനത്തിലും കാതറിനെയും മക്കളെയും ക്ഷണിക്കുമായിരുന്നു. ക്രമേണ അവർ ആ കുറ്റവാളികളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിച്ചുതുടങ്ങി. ആ ജയിലിൽ അന്ധനായ ഒരു കൊലപാതകി ഉണ്ടായിരുന്നു. കാതറിൻ അവനെ ബ്രെയ്‌ലി ലിപി പഠിപ്പിച്ചു. അയാൾക്ക് വായിക്കുവാൻ കഴിവ് ലഭിക്കുകയും ചെയ്തു. അത് അയാളുടെ ജീവിതത്തെ മാറ്റിമറിച്ചു. ബധിരനായ മറ്റൊരു കുറ്റവാളിയെ ശരിയായ നിലയിൽ ആശയവിനിമയം നടത്താൻ പഠിപ്പിച്ചു. കുറ്റവാളികളുടെ പ്രത്യേക ആവശ്യങ്ങളിൽ കാതറിൻ ശ്രദ്ധിക്കുകയും ദൈവസ്നേഹവും ധാർമ്മിക ബോധവും പകർന്നു കൊടുക്കുകയും ചെയ്തു പോന്നു.



1937-ലെ ഒരു രാത്രിയിൽ കാതറിൻ കാറപകടത്തിൽ മരിച്ചു. പിറ്റേന്ന് പ്രഭാതത്തിൽ തന്നെ ആ വാർത്ത ജയിലിലെത്തി. ഏറ്റവും ക്രൂരനായ കുറ്റവാളിപോലും വിങ്ങിക്കരയുന്ന കാഴ്ചയാണ് കണ്ടത്. അന്ന് റോന്തുചുറ്റാൻ വന്ന ആക്ടിംഗ് വാർഡൻ ജയിലിന്റെ മുറ്റത്ത് ദുഃഖഭാരത്താൽ തിങ്ങിനിറഞ്ഞ കുറ്റവാളികളെയാണ് കണ്ടത്. കഠിനന്മാരായ കുറ്റവാളികൾ പോലും വാവിട്ടു കരയുന്നു!

ആ കുറ്റവാളികൾ എല്ലാം തങ്ങളുടെ പ്രിയപ്പെട്ട കാതറിനെ ഒരു നോക്കു കാണുവാൻ ആഗ്രഹിച്ചു. അതിനുവേണ്ടി പുറത്തുപോയാൽ ആരും ജയിലിൽ നിന്നു ചാടിപ്പോകുകയില്ലെന്ന് ഉറപ്പും നൽകി. അവരുടെ വികാരം മനസിലാക്കിയ ആക്ടിംഗ് വാർഡൻ അവരെ പുറത്തുപോകാൻ അനുവദിച്ചു. അവർ ജയിലിന്റെ മുൻവാതിൽ കടന്നു നിരനിരയായി തങ്ങളുടെ പ്രിയപ്പെട്ട കാതറിന്റെ ശവശരീരത്തിന്റെ അടുത്തേക്ക് മന്ദംമന്ദം നടന്നുനീങ്ങി. തങ്ങളുടെ തലകളെ വണക്കി കണ്ണീരുകൊണ്ട് അവർ കാതറിന് അന്ത്യാഭിവാദനം നൽകി. തുടർന്ന് ആ നൂറ് കുറ്റവാളികളും തങ്ങളുടെ സെല്ലുകളിലേക്ക് തിരികെ എത്തുകയും ചെയ്തു. യേശുക്രിസ്തു കാതറിൻ ലോവിസിലൂടെ സിങ് സിങ് ജയിലിൽ ജീവിച്ചു എന്നത് പിന്നീടൊരു സംസാരമായി മാറി.

ദൈവം സ്നേഹമാകുന്നു. ഇതിന്റെ അർത്ഥം നമ്മുടെ പ്രായോഗിക ജീവിതത്തിൽ നാം വരുത്തുവാൻ ശ്രമിച്ചാൽ രണ്ടു കാര്യം മനസിലാകും. ഒന്ന്: ദൈവവുമായുള്ള ബന്ധമില്ലാതെ, ഒരു വ്യക്തിക്ക് ഈ ദൈവസ്നേഹം കൈവരിക്കുവാൻ സാധ്യമല്ല.

രണ്ട്: ദൈവവുമായുള്ള ബന്ധത്തിൽ ഒരു വ്യക്തി ജീവിച്ചില്ലെങ്കിൽ ഈ സ്നേഹം അവനു വെളിപ്പെടുത്തുവാൻ സാധ്യമല്ല.

ചിന്തിച്ചു നോക്കിക്കേ, എന്തുകൊണ്ടാണ് മതത്തിന്റെ പേരിൽ മനുഷ്യർ തമ്മിൽ തമ്മിൽ കൊല്ലുന്നത്. ഇത്രയും വിദ്യാഭ്യാസം ഉള്ള കേരളത്തിലും ഇന്നു സംഭവിക്കുന്നത് എന്താണ്? മതത്തിന്റെ പേരിൽ, വിശ്വാസത്തിന്റെ പേരിൽ വീടുകൾ തല്ലിപ്പൊളിക്കുന്നു, തീവയ്ക്കുന്നു, അന്യോന്യം കുത്തിക്കൊല്ലുന്നു. എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു? ഇതിന്റെ കാരണം മതഭ്രാന്താണ്. മതങ്ങളാണ് ആക്രമണത്തിന് പ്രേരിപ്പിക്കുന്നത്? യഥാർത്ഥ ദൈവത്തെ അറിഞ്ഞെങ്കിൽ മാത്രമേ ജീവിതത്തിൽ മറ്റുള്ളവരെ സ്നേഹിക്കുവാൻ കഴിയുകയുള്ളൂ.

ദൈവം സ്നേഹം ആകുന്നുവെന്ന് വേദപുസ്തകത്തിൽ അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചിരിക്കുകയാണ്. ദൈവം ലോകത്തെ അത്രയ്ക്കു സ്നേഹിച്ചു. നിങ്ങളുടെ അവകാശം മറ്റുള്ളവർ കവർന്നെടുക്കുമ്പോൾ, നിങ്ങളെ ഉപദ്രവിക്കുമ്പോൾ, വൈരാഗ്യവും പകയും കൊലയും അല്ല, പിന്നെയോ യേശുവിനെപ്പോലെ സ്നേഹിക്കുന്ന അനുഭവം ഇന്ന് ആവശ്യമായിരിക്കുന്നു. ദൈവസ്നേഹം നമ്മുടെ ജീവിതത്തിൽ അനുഭവമാകുമ്പോൾ നമുക്ക് ഈ രീതിയിൽ വർത്തിക്കുവാൻ കഴിയും.

യഥാർത്ഥ ആത്മീയത എന്നു പറയുന്നത് സ്നേഹത്താൽ നിറഞ്ഞതാണ്. വെറും മതഭക്തിയല്ല, മറ്റുള്ളവരെ ആഴമായി സ്നേഹിക്കുന്ന ഒരവസ്ഥയാണത്. തന്നെത്തന്നെ കൊടുക്കുന്ന സ്നേഹം, ത്യാഗം ഏറ്റെടുക്കുന്ന സ്നേഹം.




യാത്ര ചെയ്യുമ്പോൾ പലയിടത്തും കാണുന്ന രണ്ടുതരം ബോർഡുകളെപ്പറ്റി പറയട്ടെ. ചില ബോർഡുകളിൽ എഴുതിവച്ചിരിക്കുന്നത് ഇങ്ങനെയാണ്: ഇവിടെ മാലിന്യം നിക്ഷേപിക്കരുത്. രണ്ടാമത്തെ ബോർഡിൽ എഴുതിവച്ചിരിക്കുന്നത് ഇങ്ങനെയാണ്: ഇവിടെ മാലിന്യം വലിച്ചെറിയരുത്.

ഈ രണ്ട് വാചകങ്ങൾ വായിക്കുമ്പോൾ ആശയം വ്യക്തമാകും. എന്നാലും ഈ വാചകങ്ങൾ വായിക്കുമ്പോൾ ഒരു കല്ലുകടിച്ച അനുഭവം തോന്നുന്നു. ആദ്യം മാലിന്യം നിക്ഷേപിക്കുന്നതിനെപ്പറ്റി പറയട്ടെ. നിക്ഷേപിക്കുക എന്ന് പറഞ്ഞാൽ എന്താണ്? ബാങ്കിൽ പണം നിക്ഷേപിക്കുന്നു എന്ന് സാധാരണ പറയാറില്ലേ? ബാങ്കിൽ പണം നിക്ഷേപിക്കുന്നത് പിന്നീട് തിരിച്ചെടുക്കുവാനാണ്. സുരക്ഷിതമായി സൂക്ഷിക്കുക, പലിശ കിട്ടുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ഇങ്ങനെ പണം നിക്ഷേപിക്കുന്നത്.

തിരിച്ചെടുക്കണം എന്ന ലക്ഷ്യത്തോടുകൂടിയോ അഥവാ പലിശയടക്കം കൂടുതൽ മാലിന്യം തിരിച്ചുകിട്ടണം എന്ന ലക്ഷ്യത്തോടുകൂടിയോ ആരെങ്കിലും എവിടെയെങ്കിലും മാലിന്യം കൊണ്ടുപോയി ഇടാറില്ലല്ലോ. ആരും മാലിന്യം നിക്ഷേപിക്കാറില്ല. എല്ലാവരും മാലിന്യം ഉപേക്ഷിക്കുകയോ ഒഴിവാക്കുകയോ ആണ് ചെയ്യുന്നത്. അതിനാൽ മാലിന്യം നിക്ഷേപിക്കരുത് എന്ന വാക്കുകൾ അർത്ഥമില്ലാത്തതും വായിക്കുമ്പോൾ സുഖം തരാത്തതുമായ വാക്കുകളാണ്.

രണ്ടാമത്തേത്, മാലിന്യം വലിച്ചെറിയരുത് എന്ന നിർദ്ദേശമാണ്. പലരും നടന്നുപോകുന്ന വഴിക്കും വണ്ടിയിൽ പോകുന്ന വഴിക്കും മാലിന്യങ്ങൾ കൂടുകളിലാക്കി വലിച്ചെറിയുന്നുണ്ട് എന്നത് നേരാണ്. മറ്റു ചിലർ മാലിന്യം വലിച്ചെറിയുവാൻ വേണ്ടി മാത്രം നടന്നുപോകുകയോ വണ്ടിയിൽ പോകുകയോ ചെയ്യുന്നുണ്ട്. പക്ഷേ ഈ രണ്ടു വിധത്തിൽ മാത്രമല്ലല്ലോ ഒരു സ്ഥലത്ത് മാലിന്യം കൊണ്ടുപോയി ഇടാവുന്നത്. വലിച്ചെറിയാതെ പതുക്കെ കൊണ്ടുപോയി ഇടാം. പതുക്കെ കൊണ്ടുപോയി വയ്ക്കാം. പതുക്കെ മറിച്ചിടാം. അങ്ങനെ പലവിധത്തിൽ ചെയ്യാം. അതായത്, വലിച്ചെറിഞ്ഞുകൊണ്ടുമാത്രമല്ല ഒരു സ്ഥലത്ത് മാലിന്യം കൊണ്ടുപോയി ഇടാവുന്നത്. അതുകൊണ്ട് മാലിന്യം നിക്ഷേപിക്കരുത്. മാലിന്യം വലിച്ചെറിയരുത് തുടങ്ങിയ വാക്കുകൾക്ക് പകരം കുറച്ചുകൂടി അർത്ഥം ഉള്ളതും വായിക്കുമ്പോൾ സുഖകരമായതുമായ വാക്കുകൾ ഉപയോഗിക്കുവാൻ കഴിയും. ഉദാഹരണത്തിന്, ഇവിടെ മാലിന്യം തള്ളരുത്, ഇവിടെ മാലിന്യം ഇടരുത് തുടങ്ങിയ വാക്കുകൾ ഉപയോഗിക്കുന്നതല്ലേ നല്ലത്.




ഇതുപോലെ നമ്മൾ ഭാഷ ഉപയോഗിക്കുമ്പോൾ പലപ്പോഴും വൈരുധ്യം നിറഞ്ഞ പ്രയോഗങ്ങൾ നടത്താറുണ്ട്. ഭയങ്കര സന്തോഷം, ഭയങ്കര രസം, ഭയങ്കര വലുപ്പം, ഭയങ്കര നീളം, ഭയങ്കര വണ്ണം, ഭയങ്കര ഉയരം എന്നിങ്ങനെയൊക്കെ നാം പറയാറില്ലേ. വാസ്തവത്തിൽ സന്തോഷം, രസം തുടങ്ങിയ വാക്കുകളോട് ചേർന്നുപോകുന്നതാണോ ഭയങ്കരം എന്ന വാക്ക്? ഭയങ്കരം എന്ന വാക്ക് എപ്പോഴും അസ്വസ്ഥത ഉണ്ടാക്കുന്ന ഒരു സാഹചര്യത്തെ സൂചിപ്പിക്കാനാണ് ഉപയോഗിക്കേണ്ടത്. പരീക്ഷ ഭയങ്കര വിഷമമായിരുന്നു. ഇവിടെ ഭയങ്കര ചൂടാണ്; ശരീരത്തിന് ഭയങ്കര വേദനയാണ്; അവിടെ ഭയങ്കര സംഘർഷാവസ്ഥയാണ്; വിദ്യാർത്ഥികളുടെ ബാഗിന് ഭയങ്കര ഭാരമാണ്; അയാൾ ഭയങ്കര കടക്കെണിയിലാണ്; ബിസിനസ് ഭയങ്കര നഷ്ടത്തിലാണ് എന്നിങ്ങനെയൊക്കെ പറയുമ്പോൾ ഭയങ്കരം എന്ന വാക്ക് കുറച്ചുകൂടി അവസരോചിതമാണ്. പക്ഷേ നമ്മൾ നല്ല കാര്യങ്ങളുടെ കൂടെയും മോശം കാര്യങ്ങളുടെ കൂടെയും ഈ ഭയങ്കരം എന്ന വാക്ക് ഉപയോഗിച്ച് ശീലമായിപ്പോയി. അതിനാൽ പറയുന്നവർക്കും കേൾക്കുന്നവർക്കും അതിൽ ഒരു ഭംഗികേടോ ചേർച്ചക്കുറവോ തോന്നാറില്ല. ഇനി മറ്റൊരു കാര്യം പറയട്ടെ, പല പൊതുസ്ഥാപനങ്ങളിലും പൊതുജനങ്ങളെ വിവരം അറിയിക്കാൻ പലതരം ബോർഡുകൾ വയ്ക്കാറുണ്ടല്ലോ. ഇത്തരം പല ബോർഡുകളും വായിക്കുമ്പോൾ സങ്കടവും ചിരിയുമൊക്കെ വരാറുണ്ട്. ഒരു സ്ഥാപനത്തിൽ എഴുതിവച്ചിരിക്കുന്ന ഒരു ബോർഡ് ഇങ്ങനെയാണ്: You are under cc camera ഇതു വായിച്ച ഞാൻ തല ഉയർത്തി മുകളിലേക്ക് നോക്കി. സീലിംഗിൽ സി. സി. ക്യാമറ കാണുവാൻ. അവിടെയെങ്ങും കണ്ടില്ല! എന്താ സംഭവം? You are under cc camera surveillance എന്നാണ് ബോർഡിൽ എഴുതേണ്ടത്. പക്ഷേ എഴുതിയപ്പോൾ surveillance എന്ന വാക്ക് ഉപേക്ഷിച്ചു. നിങ്ങൾ സി.സി.ക്യാമറ നിരീക്ഷണത്തിലാണ് എന്ന് എഴുതുന്നതിനുപകരം നിങ്ങൾ സി.സി.ക്യാമറയുടെ കീഴെയാണ് നിൽക്കുന്നത് എന്ന് എഴുതി വച്ചു. ഉന്നത വിദ്യാഭ്യാസം ഉള്ള ആളുകൾ ആ സ്ഥാപനത്തിൽ പലർ ഉണ്ട്. പക്ഷേ ഇത് കാണാനും തിരുത്താനുമുള്ള വിവേകം ഇല്ല. ഒരു ആശുപത്രിയുടെ കാഷ്വാലിറ്റിയുടെ മുമ്പിൽ കാഷ്വാലിറ്റി എന്ന് എഴുതിവച്ചിരിക്കുന്നത് ഇംഗ്ലീഷിലാണ്. ശരിക്ക് വേണ്ട സ്പെല്ലിംഗ് CASUALTY എന്നാണ്. അവർ എഴുതിവച്ചിരിക്കുന്നത് CASUALITY എന്നും. ഉന്നത ബിരുദമുള്ള, പഠന-ജോലി പരിചയമുള്ള ആളുകളാണ് ഇങ്ങനെ എഴുതി വച്ചിരിക്കുന്നത് എന്നതാണ് കഷ്ടം. അതെ, ഭാഷ ഉപയോഗിക്കുമ്പോൾ കൂടുതൽ ശ്രദ്ധ പുലർത്തണം. ഇതിന് സാഹിത്യപഠനമോ അധിക ഭാഷാപഠനമോ ഒന്നും ആവശ്യമില്ല. ഉള്ള അറിവും കുറച്ചുകൂടി കോമൺസെൻസും ഉപയോഗിച്ചാൽ മതി. (തുടരും)

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30-ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

***നളന്ദ, തക്ഷശില എന്നിവ ലോകത്തെ ആദ്യത്തെ ഹിന്ദു സർവ്വകലാശാലകൾ ആയിരുന്നെന്നും അത് തകർത്തത് ക്രിസ്ത്യാനിയായ അലക്സാണ്ടർ ചക്രവർത്തിയാണെന്നും അലക്സാണ്ടറിനെ ഇന്ത്യൻ സൈന്യം കീഴ്പ്പെടുത്തിയെന്നും... ക്രിസ്തീയ വിരോധികളായ ചിലർ സാമൂഹിക മാധ്യമങ്ങളിലൂടെ പറഞ്ഞു പ്രചരിപ്പിക്കുന്നതിലെ ചരിത്ര യാഥാർത്ഥ്യം എന്താണ്? ഈ പറയുന്ന കാലഘട്ടത്തിൽ ബുദ്ധമതമാണല്ലോ പ്രാബല്യത്തിൽ ഉണ്ടായിരുന്നത്. ബുദ്ധമതവും ഹിന്ദുമതവും തത്വത്തിൽ ഒന്നാണെങ്കിലല്ലേ ഈ വാദങ്ങൾക്കു പ്രസക്തിയുള്ളൂ. അതുകൊണ്ട് ഈ കാര്യങ്ങൾക്ക് വ്യക്തത വരുത്തി ഒരു മറുപടി പ്രതീക്ഷിക്കുന്നു.?***

പാ.കെ.എം.ബേബി,വെള്ളക്കുളങ്ങര, മണക്കാല,അടൂർ

**പു**രാതന മാസിഡോണിയയിലെ ഒരു ഗ്രീക്ക് രാജാവായിരുന്നു അലക്സാണ്ടർ. ലോകചരിത്രത്തിലെ ഏറ്റവും പ്രഗൽഭരായ സൈന്യാധിപരിൽ ഒരാളായി അലക്സാണ്ടർ വാഴ്ത്തപ്പെടുന്നു. യുദ്ധത്തിൽ ഇദ്ദേഹം ഒരിക്കലും പരാജയപ്പെട്ടിട്ടില്ല. മരണമടയുമ്പോഴേക്കും അലക്സാണ്ടർ പുരാതന ഗ്രീക്കുകാർക്ക് പരിചിതമായ പ്രദേശങ്ങൾ ഒട്ടുമിക്കവയും തന്നെ കീഴടക്കിയിരുന്നു. ബി.സി.334 -ൽ ആർക്കീമെനിഡ് സാമ്രാജ്യം കീഴടക്കിയ അദ്ദേഹം സൈന്യത്തെ ഏഷ്യാമൈനറിലേക്ക് നയിച്ചു. അവിടെ നിന്ന് പത്തുവർഷത്തിനുള്ളിൽ തുടർച്ചയായ കീഴടക്കലുകളുടെ ഒരു പരമ്പര തന്നെയായിരുന്നു. പത്ത് വർഷം കൊണ്ടുതന്നെ പേർഷ്യയുടെ ആധിപത്യം അവസാനിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഇസ്സസും ഗ്വാങ്ങമെല യുദ്ധങ്ങൾ എന്നിവ അതിൽ പ്രധാനമാണ്. ദാരിയസ്സ് മൂന്നാമനെ കീഴടക്കി കൊണ്ട് ആദ്യ പേർഷ്യൻ സാമ്രാജ്യം. അതേസമയം തന്നെ അഡ്രിയാറ്റിക്ക് കടൽ മുതൽ സിന്ധു നദിവരെ തന്റെ സാമ്രാജ്യം വികസിപ്പിച്ചു. ബി.സി.326-ൽ അദ്ദേഹം ഇന്ത്യ കീഴടക്കി. എന്നാൽ അദ്ദേഹത്തിന്റെ സൈന്യത്തിന്റെ അഭിപ്രായം കണക്കിലെടുത്ത് അദ്ദേഹം ഗ്രീസിലേക്ക് തിരിച്ച് പോയി. ബി.സി.323-ൽ ബാബിലോണിയയിൽ വച്ച് അദ്ദേഹം അന്തരിച്ചു. അദ്ദേഹത്തിന്റെ മരണത്തിനു ശേഷം തുടർച്ചയായ ആഭ്യന്തര യുദ്ധങ്ങൾ തന്നെ അധികാരത്തിനായി നടക്കുകയുണ്ടായി. അതിനുശേഷം അലക്സാണ്ടറിന്റെ ബന്ധുവും ജനറലുമായിരുന്ന ഡിയഡോച്ചി (Diadochi) യാണ് ഭരണം നയിച്ചത്. അലക്സാണ്ടറിന്റെ പടയോട്ടത്തിന്റെ ഫലമായി സാംസ്ക്കാരിക സങ്കലനങ്ങൾ ഉണ്ടായി. ഗ്രീക്കോ-ബുദ്ധിസം അവയിൽ ഒരു ഉദാഹരണമാണ്. ഇരുപതോളം നഗരങ്ങൾക്ക് അദ്ദേഹത്തിന്റെ പേര് ഉപയോഗിക്കാൻ തുടങ്ങി. ഈജിപ്റ്റിലെ അലക്സാൻഡ്രിയയാണ് അതിൽ പ്രസിദ്ധമായത്. അലക്സാണ്ടറിന്റെ വരവോടുകൂടി ഗ്രീക്ക് കോളനിവല്ക്കരണവും ഗ്രീക്ക് സംസ്ക്കാരത്തിന്റെ വ്യാപനത്തിനും ഹെല്ലനിസ്റ്റിക്ക് സംസ്ക്കാരത്തിന്റെ ഉദയത്തിനും കാരണമായി. പതിനഞ്ചാം നൂറ്റാണ്ടിൽ നിലനിന്നിരുന്ന ബൈസാന്റേയിൻ സാമ്രാജ്യവും 1920 വരെ മദ്ധ്യേഷ്യയിലും അനാറ്റോളിയയുടെ കിഴക്കും ഗ്രീക്ക് സംസാരിക്കുന്നവരുടെ എണ്ണം കൂടുതലായിരുന്നത് അലക്സാണ്ടറിന്റെ കാലത്തെ ഗ്രീക്ക് സ്വാധീനം വ്യക്തമാക്കുന്നു. നിലവിലുള്ള മിലിട്ടറി അക്കാഡമികൾ ഇന്നും അദ്ദേഹത്തിന്റെ യുദ്ധതന്ത്രങ്ങൾ ഉപയോഗിച്ച് വരുന്നു. ഗുരുവായ അരിസ്റ്റോട്ടിലിനോടൊപ്പം ലോകത്തെ എക്കാലത്തും സ്വാധീനിച്ച വ്യക്തികളിൽ ഒരാളാണ് അലക്സാണ്ടർ.






ബി.സി.336-ൽ പിതാവായ ഫിലിപ്പ് രണ്ടാമനിൽ നിന്ന് ഇരുപതാം വയസിൽ കിരീടം ഏറ്റെടുത്തു. ഏഷ്യയും വടക്കകിഴക്ക് ആഫ്രിക്കയും വരെ നീണ്ട് കിടക്കുന്ന സാമ്രാജ്യത്തിന്റെ അധിപനായി. ഗ്രീസ് മുതൽ ഈജിപ്റ്റ് വരെയും പിന്നെ വടക്ക് പടിഞ്ഞാറ് ഇന്ത്യ വരെയും അലക്സാണ്ടർ തന്റെ മുപ്പത് വയസിനിടയിൽ പിടിച്ചടക്കി. ചരിത്രത്തിലെ ഏറ്റവും കൂടുതൽ വിജയം നേടിയ സൈനിക നേതാവായി അദ്ദേഹത്തെ കരുതുന്നു. തത്വചിന്തകനായ അരിസ്റ്റോട്ടിലാണ് പതിനാറ് വയസുവരെ അദ്ദേഹത്തെ പഠിപ്പിച്ചിരുന്നത്. അലക്സാണ്ടറിന് ശക്തമായ ഒരു സാമ്രാജ്യവും അനുഭവസമ്പന്നരായ സൈനികന്മാരും പിതാവായ ഫിലിപ്പിൽ നിന്ന് കിട്ടിയിരുന്നു. ഗ്രീസിന്റെ മുഴുവൻ നിയന്ത്രണവും അദ്ദേഹത്തിനായിരുന്നു. അക്കീലിസിന്റെ പരമ്പരയിൽപ്പെട്ട ആളായിരുന്നു മാതാവായ ഒളിമ്പിയസ്. ഹെർക്കുലീസിന്റെ പിൻതലമുറയിൽപ്പെട്ട വ്യക്തിയായിരുന്നു പിതാവായ ഫിലിപ്പ് രാജാവും. ധീരനും പരാക്രമിയുമായ പുത്രനായിരിക്കും തങ്ങൾക്ക് ജനിക്കുകയെന്ന് ഇരുവർക്കും സ്വപ്നദർശനമുണ്ടായിരുന്നതായി പറയപ്പെടുന്നു.

മഹാനായ അലക്സാണ്ടറിന്റെ സൈന്യവും ഇന്ത്യൻ രാജാവായ പോറസ് (സംസ്കൃതത്തിൽ പുരൂരവസ്സ്) രാജാവിന്റെ സൈന്യവും തമ്മിൽ ക്രി.മു.325 -ൽ ഇന്നത്തെ പാകിസ്താനിലെ ഭേര എന്ന സ്ഥലത്തിനടുത്ത്, ഹൈഡാസ്പസ് (ഝലം) നദിക്കരയിൽ നടന്ന യുദ്ധമാണ് ഹൈഡാസ്പസ് യുദ്ധം. ഝലം യുദ്ധം എന്നും ഇതറിയപ്പെടുന്നു. പൗരവ രാജാവായ പുരൂരവസ്സിന്റെ രാജ്യം ഇന്നത്തെ പാകിസ്താനിന്റെ ഭാഗമായ പ്രദേശത്തായിരുന്നു. അലക്സാണ്ടർ പോരാടിയ അവസാനത്തെ പ്രധാന യുദ്ധമാണ് ഹൈഡാസ്പസ്. ആക്രമിച്ചു വന്ന മാസിഡോണിയൻ സൈന്യത്തിന് എതിരായി പുരു രാജാവും അദ്ദേഹത്തിന്റെ സൈന്യവും ധീരമായ ചെറുത്തുനിൽപ്പു നടത്തിയത് അലക്സാണ്ടറിന്റെ ബഹുമാനത്തിനും വിസ്മയത്തിനും പാത്രമായി. വിജയികളായി എങ്കിലും അലക്സാണ്ടറിന്റെ ക്ഷീണിതരായ സൈന്യം അധികം താമസിയാതെ കലാപമുയർത്തി, അലക്സാണ്ടർ ഹൈഫസിസ് നദി മുറിച്ചുകടക്കാൻ പദ്ധതിയിട്ടപ്പോൾ അവർ ഇന്ത്യയിലേക്ക് കൂടുതൽ പോകുവാൻ വിസമ്മതിച്ചു. സിന്ധു നദീതീരത്ത് അധിവസിക്കുന്ന ചില ഇന്ത്യൻ ഗോത്രങ്ങൾക്കെതിരെ ചെറുതും എന്നാൽ വിജയകരവുമായ പടയോട്ടങ്ങൾ നടത്തി തന്റെ ഭരണം സുരക്ഷിതമാക്കുകയും, കാവൽ മാടങ്ങളും വാണിജ്യകേന്ദ്രങ്ങളുമായി പ്രവർത്തിക്കാൻ നഗരങ്ങൾ സ്ഥാപിക്കുകയും ചെയ്തതിനുശേഷം അലക്സാണ്ടർ ബാബിലോണിലേക്ക് തിരിച്ചുപോയി. ബാബിലോണിൽ വച്ച് ബൈബിളിലെ പ്രവചന നിവർത്തിക്കെതിരായ നിലപാട് സ്വീകരിക്കുകയും പെട്ടന്നു മരണം സംഭവിക്കുകയും ചെയ്തു.

പുരാതന ഇന്ത്യയിലെ ഒരു സർവകലാശാലയായിരുന്നു നളന്ദ.ലോകത്തെ ആദ്യ അന്താരാഷ്ട്ര റെസിഡൻഷ്യൽ സർവകലാശാലയായി കണക്കാക്കുന്നു. **ബുദ്ധമത വൈജ്ഞാനിക കേന്ദ്രമായിരുന്ന നളന്ദ** ബിഹാറിന്റെ തലസ്ഥാനമായ പാറ്റ്നയ്ക്ക് 100 മൈൽ തെക്കുകിഴക്കായാണ് സ്ഥിതി ചെയ്തിരുന്നത്. അഞ്ചാം നൂറ്റാണ്ടിൽ ഗുപ്തസാമ്രാജ്യത്തിനു കീഴിലാണ് നളന്ദ സർവകലാശാല ജന്മമെടുക്കുന്നത്. ഗുപ്തസാമ്രാജ്യത്തിലെ കുമാരഗുപ്തൻ ആണ് ഇത് പണികഴിപ്പിച്ചത്. ലോകമെമ്പാടുമുള്ള രണ്ടായിരത്തോളം അദ്ധ്യാപകരും പതിനായിരത്തോളം വിദ്യാർത്ഥികളും ഇവിടെ ഉണ്ടായിരുന്നു. ഇവിടെത്തന്നെ താമസിച്ചായിരുന്നു അവർ പഠിച്ചിരുന്നത്. 427 മുതൽ 1197 വരെയുള്ള എണ്ണൂറു വർഷക്കാലത്തോളം നളന്ദ പ്രവർത്തിച്ചു.

1193-ൽ ബക്തിയാർ ഖിൽജി നളന്ദാ സർവകലാശാല സമുച്ചയം ആക്രമിച്ചു കീഴടക്കുകയും തീവയ്ക്കുകയും ചെയ്തു. സർവകലാശാല ഒരു നൂറു വർഷം കൂടി നിലനിന്നുവെങ്കിലും അധഃപതനത്തിലേക്ക് കൂപ്പുകുത്തി.

ഏതാണ്ട് ബി.സി. അഞ്ചാം നൂറ്റാണ്ടിൽ ഗാന്ധാരത്തിന്റെ തലസ്ഥാനമായ തക്ഷശിലയിൽ സ്ഥാപിതമായ ഉന്നത പഠനകേന്ദ്രമാണ് തക്ഷശില സർവകലാശാല. തക്ഷശിലയെ സർവകലാശാല എന്നു വിശേഷിപ്പിക്കാമോ എന്ന കാര്യത്തിൽ തർക്കങ്ങൾ നിലനിൽക്കുന്നുണ്ട്. തക്ഷശില നിലനിന്നിരുന്ന പ്രദേശം ഇന്നത്തെ പാകിസ്ഥാനിലെ റാവൽപിണ്ടിയിലാണ്. ഏതാണ്ട് ആറാം നൂറ്റാണ്ടുവരെ അതായത് 1200 വർഷക്കാലത്തോളം ഈ സർവകലാശാല നിലനിന്നിരുന്നു. വെളുത്ത ഹൂണർ എന്നറിയപ്പെടുന്ന ഹെഫ്തലൈറ്റുകളാണ് ഈ സർവകലാശാല ആക്രമിച്ച് തകർത്തതെന്ന് കരുതപ്പെടുന്നു. ചാണക്യൻ, പാണിനി, ചരകൻ തുടങ്ങിയവർ ഇവിടത്തെ അദ്ധ്യാപകരായിരുന്നു. നളന്ദയും, തക്ഷശിലയും, ഈ രണ്ടു സർവ്വകലാശാലകളും ബുദ്ധമത വൈജ്ഞാനിക കേന്ദ്രങ്ങളുമായിരുന്നു എന്നത് ശ്രദ്ധേയമാണ്.

ഹിന്ദുമതവും ബുദ്ധമതവും തത്വത്തിൽ ഒന്നാണെന്ന് പലരും കരുതുന്നുണ്ടെങ്കിലും അവ തികച്ചും വ്യത്യസ്ഥമാണ്. ചില പദപ്രയോഗങ്ങളുടെ സാമ്യം കണ്ടാണ് ഇവ രണ്ടും ഒന്നുതന്നെയെന്ന് ചിലർ ചിന്തിക്കുന്നത്. പ്രയോഗാർത്ഥവും കർമ്മ സിദ്ധാന്തങ്ങളും തികച്ചും വ്യത്യസ്തങ്ങളാണെന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു.

ഇന്ത്യയിൽ ഉത്ഭവിച്ച കർമ്മ സിദ്ധാന്തം, സമാധി, നിർവ്വാണം എന്നീ പദങ്ങളുടെ ഉപയോഗം രണ്ടു വിഭാഗങ്ങളും പിന്തുടരുന്നുണ്ട്. ഇതാണ് ചിലരെ രണ്ടു മതങ്ങളും ഒന്നാണെന്ന് ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന ഘടകം. എന്നാൽ മേൽപറഞ്ഞ സിദ്ധാന്ത പദപ്രയോഗങ്ങളുടെ ഉള്ളിലേക്ക് ആഴത്തിൽ ഇറങ്ങി ചെന്നാൽ ഈ മതങ്ങൾ തമ്മിൽ പൂർണ്ണമായും വ്യത്യാസമാണെന്ന് നമുക്ക് കാണാൻ കഴിയും. ഉദാഹരണത്തിന് ഹിന്ദുക്കൾ ദൈവത്തിൽ വിശ്വസിക്കുന്നു. ബുദ്ധമതക്കാർ ദൈവത്തിൽ വിശ്വസിക്കുന്നില്ല. ഹിന്ദുമതത്തിന്റെ അടിസ്ഥാനശിലയാണ് ജാതിവ്യവസ്ഥ. ബുദ്ധിസ്റ്റുകൾ അതിനെ പൂർണ്ണമായും നിരാകരിക്കുന്നു. പൂജാവിധികളിലൂടെ പാപം കഴുകി കളഞ്ഞു ശുദ്ധീകരിക്കാമെന്ന് ഹിന്ദുക്കൾ വിശ്വസിക്കുന്നു. ബുദ്ധമതത്തിൽ ഇതിനു യാതൊരു സ്ഥാനവുമില്ല. ബുദ്ധമത ഗ്രന്ഥങ്ങളിൽ ബ്രാഹ്മണർ, ഹിന്ദു സന്യാസിമാർ ആരാണ്? അവർ പറയുന്നത് എന്തെല്ലാം ആണെന്ന് വളരെ വിമർശനത്തോടെ ബുദ്ധൻ വിവരിച്ചിട്ടുണ്ട്. ബുദ്ധന്റെ ചോദ്യങ്ങൾക്ക് മുമ്പിൽ അവർ വളരെ വിഷമസന്ധിയിൽ എത്തിച്ചേർന്നിട്ടുണ്ട്. സത്യം ഇതാണെന്നിരിക്കെ എങ്ങിനെയാണ് ബുദ്ധമതവും ഹിന്ദുമതവും ഒന്നാണെന്ന് പറയുവാൻ കഴിയുക. ഹിന്ദുമതത്തിൽ കർമ്മസിദ്ധാന്തം പഠിപ്പിക്കുന്നുണ്ട്. എന്നാൽ ഹിന്ദുമതത്തിലെയും ബുദ്ധമതത്തിലെയും കർമ്മ സിദ്ധാന്തം തികച്ചും വ്യത്യസ്തമാണ്. ഉദാഹരണത്തിന് ഹിന്ദുമതം പറയുന്നത് നമ്മുടെ എന്തും തീരുമാനിക്കുന്നത് നമ്മുടെ കർമ്മമാണ് എന്നാണ്. എന്നാൽ ബുദ്ധമതം പറയുന്നത് നമ്മുടെ കർമ്മം നമ്മളിൽ ചില അവസ്ഥകൾ മാത്രമുണ്ടാക്കുന്നു എന്നാണ്. ഹിന്ദുമത തത്വമനുസരിച്ചു ഒരു ജീവിതത്തിൽ നിന്ന് മറ്റൊരു ജീവിതത്തിലേക്ക് ആത്മാവ് പൊയ്ക്കൊണ്ടേയിരിക്കുന്നു എന്നാണ്. എന്നാൽ ബുദ്ധമതം ആത്മാവ് എന്ന കാര്യത്തെ നിരാകരിക്കുകയും നമ്മുടെ മനസിന്റെ ഊർജ്ജമാണ് മറ്റൊരു ജന്മത്തിന് കാരണമാകുക എന്നുമാണ് അവരുടെ വാദം. ദൈവത്തേയും ആത്മാവിനേയും പുനർജന്മത്തേയും നിഷേധിക്കുന്ന, ബ്രാഹ്മണരേയും, ഹിന്ദുസന്യാസിമാരെയും നിരാകരിക്കുന്ന ബുദ്ധമതം തത്ത്വത്തിൽ ഹിന്ദുമതത്തിൽ നിന്നും തികച്ചും വ്യത്യസ്തമാണ്.

WEBSITE
vedahimani.com
FACE BOOK
vedahimani
MAIL
vedahimani@gmail.com
YouTube
vedabhimani

VEDABHIMANI
EXPERIENCE THE POWER OF TRUTH

Annual Subscription Rs. 250/-

Postal Registered No : KL/MVK/184/2018-2020
Licence No. KL/CR/MVK/WPP-03/2018-20
Licensed to post without prepayment
Posted on 15,20 May: 2020 at RMS Kayamkulam
Published on Ist May: 2020
RNI Registered No. KERMAL/2002/7361

# മണ്ണാങ്കട്ടയും കരിയിലയും

**കാ**ലദേശാതീതമായ ആകാശയാത്രയിൽ അവർക്ക് കാറ്റും മഴയുമൊന്നും പ്രശ്നമായിരുന്നില്ല. അന്യോന്യം സൗഹൃദം പകർന്നും ആശ്രിതത്വം നുകർന്നും അവർ അഭംഗുരം യാത്ര തുടരുകയായിരുന്നു. കാലാകാലങ്ങളായി ഭൂമി മലയാളം കാതോടു കാതോരം പറഞ്ഞു രസിച്ചുപോന്ന ആ കഥയിൽ അക്കാദമിക നിർദ്ധാരണത്തിലൂടെ വന്നു ചേർന്ന ദുരന്തം ചില്ലറയല്ല.



മണ്ണാങ്കട്ടയും കരിയിലയും ഏതു മതസ്ഥരാണെന്ന് ആരും തിരഞ്ഞുപോയിട്ടില്ല. അവർ യത്ര പോയതുകൊണ്ട് ഒരു മത വികാരവും വ്രണപ്പെട്ടുമില്ല. എന്നാലിപ്പോൾ കാര്യങ്ങളൊക്കെ തകിടം മറിഞ്ഞിരിക്കുന്നു.

സവർണ്ണർ വഴി നടക്കുമ്പോൾ പാടത്തെ പണിയാളർ മൺകട്ടയെടുത്ത് വരമ്പത്ത് വയ്ക്കുന്ന രീതി ഉണ്ടായിരുന്നുവത്രെ. അതിനിടയിൽ ഒരു പാവം കരിയിലയും പെട്ടുപോയിരിക്കാം. കരിയിലയിൽ കട്ടവയ്ക്കുക എന്നൊരു ആചാരത്തെ പൊടിതട്ടി പുറത്തെടുക്കുകയാണിപ്പോൾ. സവർണർ വഴി നടക്കുമ്പോൾ അവർണന്റെ സാമീപ്യം അറിക്കാനായിരുന്നുവത്രെ ഈ കട്ടവയ്ക്കൽ. ഇതാണുപോലും മണ്ണാങ്കട്ടയും കരിയിലയും കാശിക്കുപോയ കഥയുടെ സാംസ്കാരിക കോഡെന്ന് ഒരു വിദഗ്ദ്ധൻ വായിച്ചെടുത്തിരിക്കുന്നു.



മണ്ണാങ്കട്ടയും കരിയിലയും മനുഷ്യരല്ലാത്തതിനാൽ ജാതിയും മതവും ഇല്ലെന്നു കരുതിയിരിക്കുമ്പോഴാണ് കഥയിലെ ലക്ഷ്യസ്ഥാന മായി കാശി ഉയർന്നുവരുന്നത്. പഴയ കാശിയല്ലല്ലോ പുതിയ വാരണാസി. പ്രധാനമന്ത്രി മത്സരിക്കാനെത്തും വരെ ഇത്രയും പ്രശ്നങ്ങളുണ്ടായിരുന്നില്ല ഈ പുണ്യനഗരിക്ക്. അങ്ങനെ കഥയിലെ ഏറ്റവും വലിയ രാഷട്രീയ വസ്തുതയായി കാശിയെ കണ്ടെത്തിയിരിക്കുന്നു.

# മനുഷ്യരൂപമെടുത്ത നുണ

**മ**തസംഘർഷത്തിൽ നാസി ജനത രക്തം വാർന്നു ചാകണം എന്നതു യഹൂദ താല്പര്യമാണ്; കാരണം അവരുടെ അപകടം അവർ കണ്ടുകഴിഞ്ഞിരിക്കുന്നു. ഹിറ്റ്ലറിനെ രണ്ടാം ലൂഥറായി പ്രൊട്ടസ്റ്റന്റ് നേതാക്കൾ കണ്ടു. നാസിപക്ഷം പിടിച്ച കത്തോലിക്കരും ജർമനിയിൽ ഉണ്ടായിരുന്നു. അവർക്കെല്ലാം ഹിറ്റ്ലർ ക്രൈസ്തവികതയുടെ വക്താവും സംരക്ഷകനുമായിരുന്നു.

ഹിറ്റ്ലറിനെക്കുറിച്ചുള്ള ഓർമക്കുറിപ്പുകളിൽ അദ്ദേഹത്തിന്റെ പ്രസംഗങ്ങളും വീക്ഷണങ്ങളും ദീർഘമായി നൽകിയിട്ടുണ്ട്. ഹിറ്റ്ലർ പുതിയ നിയമം വായിച്ചു വികാരം കൊള്ളുന്നതും ക്രിസ്തു സൃഷ്ടിച്ച സോഷ്യലിസത്തെക്കുറിച്ചു അദ്ദേഹം വാചാലനാകുന്നതും കാണാം. എന്നിട്ട് അദ്ദേഹം പറയുന്നു: "എന്നാൽ ക്രൈസ്തവസഭകൾ എന്നു വിളിച്ച സമൂഹങ്ങൾക്ക് അതു മനസിലായില്ല. മനസിലാക്കിയവർ അതു നിഷേധിച്ചു ക്രിസ്തുവിനെ ഒറ്റിക്കൊടുത്തു. നമുക്ക് ആദ്യം ആ പ്രബോധനങ്ങൾ കണ്ടെടുക്കണം. അതിന്റെ പുനരുദ്ധാരണത്തിലൂടെ ആഘോഷിക്കണം. മേരിയും മഗ്ദലനയും ശൂന്യമായ കല്ലറയിൽ മരിച്ചവനെ അന്വേഷിക്കുകയായിരുന്നു. നാം ജീവിക്കുന്ന ക്രിസ്തുവിന്റെ മൂല്യങ്ങൾ ഉയർത്തിയെടുക്കാൻ നിശ്ചയിക്കുന്നു." ഹിറ്റ്ലറിന്റെ ഈ വാക്കുകൾ കേട്ടാൽ ഏതു ക്രിസ്ത്യാനിയാണു പുളകിതമാകാത്തത്? അപ്പോൾ യഹൂദരെ വകവരുത്തുന്നതിൽ ക്രിസ്ത്യാനിക്കെന്താ വിഷമം?



ഹിറ്റ്ലറിന്റെ വലംകയ്യായിരുന്ന ജോസഫ് ഗോബെൽ പറഞ്ഞു: "ഭൂമിയിലെ വംശങ്ങളിൽ ഒരു വംശമല്ല യഹൂദർ. ക്രിസ്തുവാണു യഹൂദരുടെ ആദ്യശത്രു. നീ ദേശങ്ങളെ വിഴുങ്ങണം എന്ന വിധത്തിൽ അവർ യുദ്ധം പ്രഖ്യാപിക്കുന്നു... യഹൂദർ മനുഷ്യരൂപമെടുത്ത നുണയാണ്, യഹൂദർ യേശുവിനെ ക്രൂശിച്ചപ്പോൾ ചരിത്രത്തിലാദ്യമായി നിത്യസത്യത്തെ അവർ ക്രൂശിച്ചു." ഈ വാചകം വിദഗ്ദ്ധമായി മതവികാരത്തിന്റെ ആവരണത്തിൽ ഒരു മനുഷ്യസമൂഹത്തെ വെറുക്കുന്ന അക്രമത്തിനു പ്രേരിപ്പിക്കുന്ന സംഭവമായി മാറി എന്നതിനു ചരിത്രം സാക്ഷി.

കുളം വറ്റിക്കുന്നതു പാമ്പുകളെ കൊല്ലാനാണ് എന്നു വാദിക്കുന്നവരോടു കുളത്തിലെ മീനുകൾ പാമ്പുകളുടെ വിഷബാധയെക്കുറിച്ചു പ്രസംഗിക്കുന്ന അപകടം തിരിച്ചറിയണം. മോശെ വാഗ്ദത്ത നാട്ടിൽ പ്രവേശിച്ചില്ല. അതു കാണാൻ അദ്ദേഹത്തിനു കഴിഞ്ഞോ? ഇന്നിന്റെ നിഷേധം നാളെയുടെ വാഗ്ദാന നിഷേധത്തിന് കാരണമാകുന്നു എന്ന് നാം മറന്നുപോകരുത്. കത്തുന്ന മുൾപ്പടർപ്പിൽ പ്രവേശിക്കാതെ അതിന്റെ തീയെടുത്തു വിപ്ലവം ഉണ്ടാക്കുന്നവരാകരുത് മതവിശ്വാസികൾ.

# രോഗത്തിലും ആരോഗ്യത്തിലും

**നാം** ധാരാളമായി കേൾക്കുന്ന ഒരു വാക്കാണ് സമർപ്പണം എന്നത്. ഒരു വാഹന നിർമ്മാതാവ് ഇങ്ങനെ പറയുകയുണ്ടായി. ഞങ്ങൾ ഏറ്റവും മെച്ചമായ ഒന്നിനു വേണ്ടി സമർപ്പണം ചെയ്തവരാണ്. കായികതാരങ്ങളും നടന്മാരും എഴുത്തുകാരുമൊക്കെ ഇപ്രകാരം സമർപ്പണം ചെയ്തവരാണ്. എന്നാൽ വിവാഹസമയത്തെടുത്ത ഒരു പ്രതിജ്ഞയോടുള്ള സമർപ്പണത്തെ സംബന്ധിച്ച് ഹൃദയസ്പർശിയായ ഒരു സംഭവം ഇങ്ങനെയാണ്: വിവാഹസമയത്ത് ഇപ്രകാരം ഒരു പ്രതിജ്ഞ ചൊല്ലാറുണ്ടല്ലോ. "...ഉൺമയിലും ഇല്ലായ്മയിലും സമ്പത്തിലും ദാരിദ്ര്യത്തിലും ആരോഗ്യത്തിലും രോഗത്തിലും നിന്നെ മാത്രം സ്നേഹിച്ച് മരണം നമ്മെ വേർപിരിക്കും വരെ..." റോബർട്ട്സൺ മക്ക്വിൽക്കാനും എല്ലാവരെയും പോലെ തന്റെ വിവാഹസമയത്തും ഇപ്രകാരം ചൊല്ലി. പക്ഷേ തന്റെ ഭാര്യ മ്യൂറിയേൽ, അൽഷിമേഴ്സിന്റെ പിടിയിലമർന്നപ്പോൾ അദ്ദേഹം തന്റെ ബൈബിൾ സെമിനാരിയുടെ പ്രസിഡന്റ് എന്ന പദം രാജിവച്ചു. തന്റെ ഭാര്യയുടെ ശുശ്രൂഷയിൽ മുഴുകി. അവർക്ക് ശരിയായ ആശയവിനിമയം നടത്താനോ ഒന്നും പ്രാപ്തി ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ പേടിച്ചരണ്ടവളെപ്പോലെയായിരുന്നു അവർ. ഭക്തന്മാരായ പലരും അദ്ദേഹത്തെ ഉപദേശിച്ചു: 'താങ്കൾക്ക് 57 വയസ്സ് പ്രായമേ ആയിട്ടുള്ളു. ഇപ്പോഴേ വീട്ടിലിരിക്കുന്നതു ശരിയല്ല. ഭാര്യയെ ഇത്തരം പരിരക്ഷ നൽകുന്ന ഏതെങ്കിലും ഒരു സ്ഥാപനത്തിലാക്കിയിട്ട് താങ്കളുടെ ശുശ്രൂഷകൾ നിർവ്വഹിച്ചുകൂടേ?



അദ്ദേഹം തന്റെ തീരുമാനത്തിലുറച്ചുനിന്നു: "ഞാൻ 32 വർഷം മുമ്പ് പ്രതിജ്ഞയെടുത്തതാണ് '...ആരോഗ്യത്തിലും രോഗത്തിലും... മരണം വേർപിരിക്കും വരെ..." മ്യൂറിയേലിന്റെ മറുപടി അനേകർക്ക് അനുഗ്രഹവും യഥാർത്ഥ മാതൃകയുമായി തീർന്നു.



## ഡയെലോഗ്
ടൈറ്റസ് കാർത്തികപ്പള്ളി

☺ക്രിസ്തുവിന്റെ ജീവിതവും വചനവുമാണ് തന്റെ ഭരണത്തെ സ്വാധീനിച്ചതെന്ന് കെജരിവാൾ?

മോൻസി തോമസ്, ക്രൈസ്റ്റ് നഗർ, കരകുളം, തിരുവനന്തപുരം

☹*അവസാനം കുരിശിൽ തറയ്ക്കാതിരുന്നാൽ ഭാഗ്യം.*

☺അനസ്യൂത ക്രിസ്തീയ സാഹിത്യ പ്രവർത്തനത്തിന് ആദരിക്കാൻ വിളിച്ചിട്ട് താങ്കൾ സഹകരിക്കാത്തതിന് കാരണം?

ജെ. ദാനിയേൽ, തെക്കേമല, കോഴഞ്ചേരി, പത്തനംതിട്ട

☹ *ആർഭാടങ്ങൾ ഒന്നുമില്ലാതെ വഴിയോരം ചേർന്ന് ഒരു പാവപ്പെട്ട ക്രിസ്ത്യാനി കടന്നു പൊയ്ക്കോട്ടെ.*

☺കർത്താവു വരുമ്പോൾ ഇവിടെ നിന്ന് ഒരുത്തനും എടുക്കപ്പെടുകയില്ലെന്ന് ഒരു പ്രസംഗകൻ?

സൂസൻ കോശി, ആര്യനാട്, നെയ്യാറ്റിൻകര, തിരുവനന്തപുരം

☹*സ്വയം ആരെന്നറിഞ്ഞ മഹാനാണയാൾ.*

☺ചില സ്ഥലങ്ങൾ കേന്ദ്രീകരിച്ചുള്ള പെന്തക്കോസ്തു മീറ്റിംഗുകളുടെ പ്രാധാന്യത്തിനു കാരണം?

പാ. ഷൈജു ജോൺ, മുളകരമേട്, ആനപ്പാടി, കട്ടപ്പന

☹*അതൊക്കെ തീർത്ഥാടന കേന്ദ്രങ്ങളാണ്.*

☺കടക്കൂ പുറത്ത് എന്ന് നമ്മുടെ ദൈവദാസന്മാർ പറഞ്ഞാൽ വൈറസ് പുറത്തു പോകില്ലായെന്നാണോ താങ്കൾ പറയുന്നത്?

ഫേബ ചെറിയാൻ, പുതുക്കാട്, ചവറ, കൊല്ലം

☹*ഒന്നു "സോപ്പിട്ട്" പറഞ്ഞാൽ മതി വൈറസ് പൊയ്ക്കൊള്ളും. വൈറസിനെ ഓടിക്കാൻ വിളിച്ചാൽ അവസാനം ഇവന്മാരെ ഓടിക്കാൻ വൈറസിനെ വിളിക്കേണ്ടി വരും.*

☺വേണ്ടതുപോലെ ശ്രദ്ധിക്കുന്നില്ലെന്ന് ഭാര്യ പരാതിപ്പെടുന്നു. എന്താണ് ഉദ്ദേശിക്കുന്നത്?

സാജു സാം, തെങ്ങേൽ, കുറ്റൂർ, തിരുവല്ല

☹*നിങ്ങളെ ഭാര്യ ഒരു സി.സി.ടി.വി.യായിട്ടാണ് കാണുന്നത്. താൽപര്യമുണ്ടെങ്കിൽ തുടരാം. ഇല്ലെങ്കിൽ മെച്ചപ്പെട്ട ഓഫറിനായി പരിശ്രമിക്കാം.*

☺ഒരു പ്രവാചകനാകാനുള്ള ശ്രമത്തിലാണ്. മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ ഒരു അർത്ഥവുമില്ലാത്ത കാര്യങ്ങളാണ് മനസിൽ വരുന്നത്. എന്തു ചെയ്യും?

ജോമോൻ ജോസഫ്, കുമ്പളം, പെരിയം, കുണ്ടറ

☹*വിഷമിക്കേണ്ട. നടക്കാത്ത അന്തവും അർത്ഥവുമില്ലാത്ത കാര്യങ്ങളാണല്ലോ ഇന്നത്തെ പ്രവചനം.*




Printed, Published and owned by Titus Mathew Alias Titus Karthikappally, Punnoothara, Karthikappally 690 516.
Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally. Editor : Titus Mathew Alias Titus Karthikappally